മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 09 No. 18 THE ONLINE OFFICIAL NEWS BULLETIN 2026 April 30

SEASON OF RESURRECTION | ഉയിർപ്പുകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
3	4	5	6	7	8	9
4	8	4	8	4	8	4
3rd Sunday after New Sunday 113th Mem. of H.H. Baselios Paulose I Catholicos (Pampakuda Cheriya Palli)	21st Mem. of Sabhakavi Sri. C.P.Chandy (Pathanamthitta Basil Dayara)				Comme. of St. John the Evengelist 261st Mem. of Mar Thoma V (Niranam Valiya Palli)	



പരുമല സെന്റ് ഗ്രിഗോറിയോസ് കോളജ് ഓഫ് ഹെൽത്ത് സയൻസിന് ശിലാസ്ഥാപനം

പരുമല: പരുമല സെന്റ് ഗ്രിഗോറിയോസ് കോളേജ് ഓഫ് ഹെൽത്ത് സയൻസിന്റെ (B.Sc MLT College) ശിലാസ്ഥാപന കർമ്മം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു.

ആധുനിക വൈദ്യശാസ്ത്രത്തിൽ പാരാമെഡിക്കൽ, ലബോറട്ടറി സാങ്കേതികവിദ്യകൾക്ക് അതിപ്രധാനമായ സ്ഥാനമുള്ള ഇന്നത്തെ കാലത്ത്, ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി (B.Sc MLT) കോളജ് ആരോഗ്യമേഖലയ്ക്ക് വലിയ മുതൽക്കൂട്ടാകും. മികച്ച അടിസ്ഥാന സൗകര്യങ്ങളോടെയും ആധുനിക സംവിധാനങ്ങളോടെയും വിഭാവനം ചെയ്തിരിക്കുന്ന ഈ സ്ഥാപനം, പ്രഗൽഭരായ അധ്യാപകരുടെ മേൽനോട്ടത്തിൽ ഉന്നത നിലവാരമുള്ള പഠനാനുഭവമാണ് വിദ്യാർത്ഥികൾക്ക് വാഗ്ദാനം ചെയ്യുന്നത്.



മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയഷന് മുന്നോടിയായുള്ള സ്വാഗതസംഘം ഓഫീസ് മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



പരുമല ആശുപത്രിയിൽ രോഗികൾക്ക് ആധുനിക ചികിത്സയും അതോടൊപ്പം സാന്ത്വനവും ഉറപ്പാക്കുന്ന പുതിയ ഫിസിക്കൽ മെഡിക്കൽ റീഹാബിലിറ്റേഷൻ, പാലിയേറ്റീവ് കെയർ സെന്ററിന്റെ കൂദാശയും സമർപ്പണവും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു.



അഖില മലങ്കര ബസ്ക്യോമോ അസ്സോസിയേഷന്റെ എംബ്ലം പ. കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു. കൊട്ടാരക്കര-പുനലൂർ ഭദ്രാസത്തിലെ ഫാ. എബി രാജുവിന്റെ സഹധർമ്മിണി നീതു മറിയം പണിക്കരാണ് എംബ്ലം രൂപകല്പന ചെയ്തത്.



MGOCSM Post-SSLC എജ്യുക്കേഷൻ ഓറിയന്റേഷൻ പ്രോഗ്രാം കോട്ടയം സ്റ്റുഡന്റ് സെന്ററിൽ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പൊലീത്താ ഉത്ഘാടനം ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ദൈവീകമായ തീരുമാനം. മലങ്കരസഭ ധന്യയാണ്

വാത്സല്യ മക്കളെ,

നിങ്ങളുടെ ഇടയൻ എന്ന നിലയിൽ എളിയവനായ നമ്മുടെ ഹൃദയം സന്തോഷത്താൽ നിറഞ്ഞിരിക്കുന്നു. അതിന് നിദാനമായത് എന്റെ പ്രിയ ജനമാണ്. മുണ്ടത്തിക്കോട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നാം മുന്നോട്ട് വെച്ച നിർദേശത്തെ ക്രിയാത്മകമായി നിങ്ങൾ ഉൾക്കൊണ്ടു. നാടിനെ നടുക്കിയ ദുരന്തത്തിൽ മരണപ്പെട്ട പ്രിയ സഹോദരങ്ങൾക്കുള്ള സമർപ്പണമാണ് നിങ്ങൾ കൈക്കൊണ്ട മഹത്തായ തീരുമാനം. ചന്ദനപ്പള്ളിയും, പുതുപ്പള്ളിയും കടമറ്റവുമടക്കം മാതൃകാപരമായ തീരുമാനം കൈക്കൊണ്ട മുഴുവൻ ഇടവകകളെയും അഭിനന്ദിക്കുന്നു. ആ ദൈവീക തീരുമാനത്തിലേക്ക് നിങ്ങളെ പ്രാപ്തരാക്കിയ സർവ്വശക്തനെ മഹത്വപ്പെടുത്തുന്നു. ആഘോഷങ്ങളെ പൂർണമായും അകറ്റി നിർത്തണം എന്നല്ല, ആഘോഷങ്ങൾ അപകടങ്ങൾക്കും ദുർച്ചെലവുകൾക്കും വഴിവെക്കരുത്. മറിച്ച്, നൈമിഷിക സന്തോഷം സ്നേഹഭവനങ്ങളായി രൂപാന്തരപ്പെടുമ്പോൾ അത് പ്രദാനംചെയ്യുക ആജീവനാന്ത സംതൃപ്തിയാണ്. ശബ്ദവും, വെളിച്ചവും അൽപ്പം കുറയുമായിരിക്കാം പക്ഷേ എളിയവന്റെ മുഖത്ത് ഉറപ്പായും സന്തോഷത്തിന്റെ പൂത്തിരി വിരിയും.. നിങ്ങൾ ചെയ്യുന്ന നന്മയിലൂടെ വിശുദ്ധർ പ്രസാദിക്കട്ടെ.

സ്നേഹപൂർവ്വം

– ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന് ഒരുക്കങ്ങളായി

101 അംഗ സ്വാഗതസംഘം രൂപീകരിച്ചു

മുളന്തുരുത്തി: മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയഷന് മുന്നോടിയായുള്ള സ്വാഗതസംഘം ഓഫീസ് മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

2026 ഓഗസ്റ്റ് 27-നു മുളന്തുരുത്തിയിൽ ചേരുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയഷന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് 101 അംഗം സ്വാഗതസംഘം രൂപീകരിച്ചു. മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ ചേർന്ന യോഗം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. മുളന്തുരുത്തി സുന്നഹദോസിന്റെ 150-ാം വാർഷികമടക്കം ഒട്ടേറെ ചരിത്ര പശ്ചാത്തലത്തിലാണ് ഇക്കുറി മലങ്കരപള്ളിയോഗം മുളന്തുരുത്തിയിൽ സമ്മേളിക്കുന്നതെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, മലങ്കര മൽപ്പാൻ ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോർഎപ്പിസ്ക്കോപ്പാ, ഫാ.ജോസ് ഡേവിസ് എന്നിവർ സംസാരിച്ചു.

മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

മലങ്കര അസോസിയേഷന്റെ നടത്തിപ്പിനായി പരിശുദ്ധ കാതോലിക്കാ ബാവാ അധ്യക്ഷനാകുന്ന 101 അംഗ സ്വാഗതസംഘത്തിൽ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ കൺവീനറാകും. ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ.യാക്കോബ് മാർ ഐറേനിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, സഖറിയാ മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്താമാരാണ് വൈസ് പ്രസിഡന്റുമാർ. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, സഭാ വർക്കിംഗ് കമ്മിറ്റി അംഗങ്ങളായ കെ. എൽ. മാത്യു വൈദ്യൻ കോറെപ്പിസ്ക്കോപ്പാ, ഫാ. ജേക്കബ് കുര്യൻ, ഡോ. സി. കെ. മാത്യു ഐ.എ.എസ്, ഡോ. റ്റിജു ഐ.ആർ.എസ്., ജേക്കബ് മാത്യു, എം. സി. സണ്ണി എന്നിവർ സമിതി അംഗങ്ങളാണ്. ഇവർക്ക് പുറമേ കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, അങ്കമാലി, കൊച്ചി എന്നീ ഭദ്രാസനങ്ങളിൽ നിന്നുള്ള മാനേജിംഗ് കമ്മിറ്റി - ഭദ്രാസന കൗൺസിൽ അംഗങ്ങൾ, മുളന്തുരുത്തി മാർത്തോമ്മൻ പള്ളി, തേവനാൽ മാർ ബഹാനം പള്ളി, വെട്ടിക്കൽ ദയറാ ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. മലങ്കരസഭയിൽ പുതുതായി നാല് മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയാണ് മലങ്കര പള്ളിയോഗം എന്നറിയപ്പെടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വെട്ടിക്കൽ സെന്റ് തോമസ് ദയറായിലെ മാർ ഗ്രീഗോറിയോസ് നഗറിൽ സമ്മേളിക്കുന്നത്.



ഡോ.നവ്യ
കടൽപ്പുല്ലുകളുടെ സംരക്ഷണം സംബന്ധിച്ച ഗവേഷണത്തിന് 2.5 കോടി രൂപയുടെ മേരി ക്യൂറി ഫെലോഷിപ്പ് നേടിയ മലങ്കരസഭയുടെ പുത്തൂർ സെന്റ് ജോർജ്ജ് വലിയപള്ളി ഇടവകാംഗം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



സാന്ത്വന പരിചരണ മേഖലയ്ക്ക് പുതിയ മുഖവുമായി പരുമല ആശുപത്രി

പരുമല: രോഗികൾക്ക് ആധുനിക ചികിത്സയും അതോടൊപ്പം സാന്ത്വനവും ഉറപ്പാക്കുന്ന പുതിയ ഫിസിക്കൽ മെഡിക്കൽ റീഹാബിലിറ്റേഷൻ (PMR), പാലിയേറ്റീവ് കെയർ സെന്ററിന്റെ കൂദാശയും സമർപ്പണവും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് മെത്രാപ്പോലീത്ത, ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത, ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത, അൽമായ ട്രസ്റ്റി റോണി വർഗീസ്, ആശുപത്രിയുടെ സെക്രട്ടറി ആൻഡ് പ്രൊജക്റ്റ് ഡയറക്ടർ വർക്കി ജോൺ, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, സി.ഇ.ഒ ഫാദർ എം. സി പൗലോസ്, ചാപ്ലിൻ ഫാദർ ജിജു വർഗീസ്, സഭയുടെയും ആശുപത്രിയുടെയും മാനേജിങ് കമ്മിറ്റി അംഗങ്ങൾ, ബഹുമാനപ്പെട്ട വൈദികരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

ആധുനിക വൈദ്യശാസ്ത്രത്തിൽ രോഗശമനത്തിനോടൊപ്പം, രോഗിയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ, പാലിയേറ്റീവ് കെയർ എന്നീ വിഭാഗങ്ങൾ അത്യന്താപേക്ഷിതമാണ്. അപകടങ്ങൾ, പക്ഷാഘാതം, നാഡീരോഗങ്ങൾ, വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ തുടങ്ങിയവ മൂലം ശാരീരിക ശേഷി നഷ്ടപ്പെട്ടവരെ പരമാവധി സ്വാശ്രയത്വത്തിലേക്ക് / സ്വയം പര്യാപ്തതയിലേക്ക് മടക്കിക്കൊണ്ടുവരാൻ ആധുനിക സജ്ജീകരണങ്ങളോടെയുള്ള റീഹാബിലിറ്റേഷൻ ചികിത്സകൾ സഹായിക്കുന്നു.

ഫിസിയോതെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി എന്നിവയിലൂടെ പേശികളുടെ ബലം വീണ്ടെടുക്കാനും സാധാരണ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താനും ഇത് വഴിയൊരുക്കുമ്പോൾ, കാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്കും അസഹനീയമായ വേദന അനുഭവിക്കുന്നവർക്കും മെച്ചപ്പെട്ട പരിചരണവും സ്നേഹവും സാന്ത്വനവും നൽകാൻ പാലിയേറ്റീവ് കെയർ വിഭാഗം വലിയ പങ്കുവഹിക്കുന്നു. കേവലം മരുന്നുകൾക്കപ്പുറം, മനുഷ്യത്വപരമായ സമീപനത്തോടെ രോഗികളെയും അവരുടെ കുടുംബങ്ങളെയും മാനസികമായി ചേർത്തുപിടിക്കുന്നതാണ് ഈ സാന്ത്വന പരിചരണ രീതി.



കോട്ടയം ഭദ്രാസന സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ നടന്ന നേതൃത്വ പരിശീലന ശില്പശാല ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് ഉദ്ഘാടനം ചെയ്യുന്നു.



ഗ്രീസിലെ ആതൻസ് യൂണിവേഴ്സിറ്റി ഫിലോസഫി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. ഇവാൻ ഗലോസിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുമായി കൂടിക്കാഴ്ച്ച നടത്തി. ബയോ എത്തിക്സ് അടക്കമുള്ള നിരവധി വിഷയങ്ങളിൽ പ്രതിനിധിസംഘം ആശയവിനിമയം നടത്തി. പ. കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോർഎപ്പിസ്ക്കോപ്പാ, എം.ജി യൂണിവേഴ്സിറ്റി ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ചെയർ പ്രൊഫസർ ഫാ. ഡോ. കെ. എം. ജോർജ് തുടങ്ങിയവർ സംബന്ധിച്ചു.



ഫിസിക്സ് ഓസ്കർ ഡോ. മാത്യു സിറിയക്കിന്

കോട്ടയം: ഫിസിക്സ് ഓസ്കർ എന്ന് അറിയപ്പെടുന്ന രാജ്യന്താര പുരസ്ക്കാരമായ ന്യൂ ഹൊറൈസൻസ് ഇൻ ഫിസിക്സ് അവാർഡിന് ഡോ. മാത്യു സിറിയക് അർഹനായി. പ്രപഞ്ചോൽപ്പത്തി, ഘടന തുടങ്ങിയവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്ക് ഒരു ലക്ഷം ഡോളറിന്റേതാണ് പുരസ്ക്കാരം. ഇത്തവണത്തെ പതിനൊന്ന് വിജയികളിൽ നേട്ടം സ്വന്തമാക്കുന്ന ഏക ഇന്ത്യക്കാരനാണ് ഡോ. മാത്യു. തൃക്കോതമംഗലം സെന്റ് ജെയിംസ് ഇടവകാംഗങ്ങളായ പുതുപ്പള്ളി മാധവശേരിൽ എം. പി. സിറിയക്കുട്ടിയുടെയും റൂബിയുടെയും മകനാണ്. നിലവിൽ പെൻസിൽവേനിയ യൂണിവേഴ്സിറ്റിയിലെ ഭൗതികശാസ്ത്ര - ജ്യോതിശാസ്ത്ര വിഭാഗത്തിൽ അസി. പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

“നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.” – പ. പരുമല തിരുമേനി

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1951)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

16-5-1951. കോട്ടയം. ഇന്ന് മാനേജിംഗ് കമ്മിറ്റി കൂടി. റ്റി. എസ്. ഏബ്രഹാം കത്തനാരും, തേർവേലിൽ റ്റി. ഐ. ജോസഫ് കത്തനാരും സജീവമായി പങ്കെടുത്തു. പുതിയ മാനേജിംഗ് കമ്മിറ്റിയംഗങ്ങളെ തെരഞ്ഞെടുക്കുന്ന വിധത്തെപ്പറ്റി പര്യാലോചിച്ചു. ഓരോ ഭദ്രാസനത്തിൽ നിന്നും ഏതാനും അംഗങ്ങളെ നാമനിർദ്ദേശം ചെയ്യണമെന്നും, നാളെ കൂടുന്ന അസോസിയേഷനിൽ അതിൽ നിന്നും അംഗങ്ങളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കണമെന്നും തീരുമാനിച്ചു. പുതിയ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കു ഏഴെട്ടു പേരുകൾ നിർദ്ദേശിച്ചു. നമ്മുടെ അസിസ്റ്റന്റിനെ തെരഞ്ഞെടുക്കുന്നത് നമ്മുടെ ഇഷ്ടംപോലെ എന്ന് കമ്മിറ്റി തീരുമാനിച്ചു.

17-5-1951. കോട്ടയം. രാവിലെ മുളന്തുരുത്തി എം. എം. യാക്കോബ് കത്തനാർ വി. കുർബ്ബാന ചൊല്ലി. അസോസിയേഷനിൽ സംബന്ധിക്കുവാൻ നാം രാവിലെ 8.30-നു എം.ഡി. സെമിനാരിയിലേക്കു പോയി. പത്തു മണിക്ക് നമ്മുടെ അദ്ധ്യക്ഷതയിൽ സമ്മേളനം ആരംഭിച്ചു. മറ്റു മെത്രാച്ചന്മാർ എല്ലാവരും ഉണ്ടായിരുന്നു. നമ്മുടെ ഭൂരിപക്ഷം പള്ളികളിൽ നിന്നും പ്രതിനിധികളും വികാരിമാരും വന്നിരുന്നു. പി. ഈ. ദാനിയേൽ കത്തനാരെയും, വി. കെ. മാത്യു കത്തനാരെയും മെത്രാപ്പോലീത്താ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. പുതിയ മാനേജിംഗ് കമ്മിറ്റിയംഗങ്ങളെയും തെരഞ്ഞെടുത്തു. ഭരണഘടനയിൽ അല്പസ്വല്പം വ്യത്യാസം വരുത്തണമെന്ന് അഭിപ്രായം ഉണ്ടായതിനാൽ അതിന് ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. അവർ ആവശ്യമായ ഭേദങ്ങൾ വരുത്തി അടുത്ത മാനേജിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്നും തീരുമാനിച്ചു. വൈകിട്ട് നാലു മണിയോടു കൂടി സമ്മേളനം അവസാനിച്ചു. മാളിയേക്കൽ മാണി അബ്രഹാമിന്റെ നേതൃത്വത്തിലുണ്ടായിരുന്ന വാളന്റിയർ സംഘം വളരെ പ്രയോജനപ്രദമായി ജോലി ചെയ്തു. നാം 4.30-നു ഇവിടെയെത്തി.


18-5-1951. കോട്ടയം. സുന്നഹദോസ് കൂടി. സ്കൂൾ കാര്യത്തെപ്പറ്റി, സ്കൂളുകൾ തുറക്കുന്നതിന് മുമ്പ്, ഒരു തീരുമാനത്തിൽ എത്തിച്ചേരണമെന്ന് തീരുമാനിച്ചു. ഗ്രീഗോറിയോസ് മെത്രാച്ചനും തേവോദോസ്യോസ് മെത്രാച്ചനും പോയി. തീമോത്തിയോസ് മെത്രാച്ചൻ രാത്രി ഒമ്പതു മണിയോടു കൂടി പോയി. ദീവന്നാസ്യോസ് മെത്രാച്ചൻ അമയന്നൂരിനു പോയി. അദ്ദേഹം നാളെ ഇവിടെ വരും.

19-5-1951. കോട്ടയം. ദീവന്നാസ്യോസ് മെത്രാച്ചൻ അമയന്നൂർ നിന്നും വന്നു. അവിടുത്തെ വസ്തുവിന്റെ പാട്ടം ഒഴിപ്പിക്കുന്നതിനെപ്പറ്റി വേണ്ടതു ചെയ്തു. ദീവന്നാസ്യോസ് മെത്രാച്ചനെ എം.ഡി. ഹോസ്റ്റലിന്റെ വിസിറ്റർ ബിഷപ്പായി നിയമിച്ചു കല്പന കൊടുത്തു. അദ്ദേഹം തിരുവല്ലായ്ക്കു പോയി.

20-5-1951. കോട്ടയം. പുതുഞായറാഴ്ചയ്ക്കുശേഷം രണ്ടാം ഞായറാഴ്ച. മാനേജർ യാക്കോബ് കത്തനാർ വി. കുർബ്ബാന ചൊല്ലി. കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ ഉണ്ടായിരുന്നു. ചെറിയപള്ളി ഇടവകാംഗങ്ങൾ ഉണ്ടായിരുന്നു.

21-5-1951. കോട്ടയം. വിശേഷമൊന്നുമില്ല. പാറേട്ടു മാത്യൂസ് കത്തനാർ ഇവിടെ വന്നു നമ്മെ സന്ദർശിച്ചു.

22-5-1951. കോട്ടയം. രാവിലെ നാം തിരുവല്ലാ ബഥനി അരമനയിലേക്കു പോയി. ഇവിടുത്തെ മാനേജർ കത്തനാരും ഉണ്ടായിരുന്നു. ബഥനി അരമനയുടെ മുകൾവശവും ഭിത്തിയും പുതുക്കി മേൽക്കൂര ഇറക്കുന്നതിന് മാനേജർ കത്തനാരെ നാം ചുമതലപ്പെടുത്തി. ദീവന്നാസ്യോസ് മെത്രാച്ചന് വാതത്തിൽ അസുഖമായി കിടപ്പാണ്. കഷായം കുടിക്കുന്നു. നമ്മുടെ എം.ജി.എം. സ്കൂൾ നാം സന്ദർശിച്ചു. വളരെ മോശമായ നിലയിലുള്ള അതിന്റെ ഇപ്പോഴത്തെ



സ്ഥിതിയെപ്പറ്റി നമുക്ക് സങ്കടമാണ്. ശരിയായി സൂക്ഷിക്കുവാൻ ആളില്ല. വാച്ചർ പോലുമില്ല. ടി സ്കൂളിനെപ്പറ്റി എന്താണ് ചെയ്യേണ്ടതെന്ന് നാം വിഷമിക്കുന്നു. നാം നാലു മണിയോടു കൂടി ഇങ്ങോട്ടു പോന്നു.

23-5-1951. കോട്ടയം. നെല്ലു കൊണ്ടുവരുന്ന കാര്യത്തെപ്പറ്റി ആലോചിക്കുവാനും അന്വേഷിക്കാനുമായി മാനേജർ കത്തനാർ ആലപ്പുഴയ്ക്കു പോയി. വൈകിട്ട് മണലിൽ യാക്കോബ് കത്തനാരോടു കൂടി അയാൾ തിരികെ വന്നു.

24-5-1951. കോട്ടയം. വിശേഷമൊന്നുമില്ല. പേർഷ്യൻ ഗൾഫിൽ യുദ്ധമാരംഭിച്ചതായി പത്രങ്ങളിൽ വായിച്ചു.

25-5-1951. കോട്ടയം. കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. മാങ്ങാനം പള്ളി വികാരി പാറേൽ ഗീവറുഗീസ് കത്തനാർ വന്നിരുന്നു. മാങ്ങാനത്തു പള്ളിയിൽ കൂടി നടക്കുന്നവരുമായുള്ള അഭിപ്രായവ്യത്യാസത്തെപ്പറ്റി നമ്മോടു പറഞ്ഞു. പാറേട്ട് (ഇസ്സഡ്. എം. പാറേട്ട്) വന്നു അസോസിയേഷൻ വളരെ മംഗളമായി നടന്നതിൽ സന്തോഷം പ്രകടിപ്പിച്ചു.

26-5-1951. കോട്ടയം. രാവിലെ നാം മാങ്ങാനത്തേക്കു പോയി. മാനേജർ കത്തനാരും ഉണ്ടായിരുന്നു. പാപ്പിയെ വിളിച്ചു കാര്യങ്ങൾ പറഞ്ഞു തീർത്തു. പാപ്പിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെപ്പറ്റി അയാൾക്ക് പാശ്ചാത്താപമാണുള്ളത്.

27-5-1951. കോട്ടയം. പുതുഞായറാഴ്ചയ്ക്കുശേഷം മൂന്നാം ഞായറാഴ്ച. നാം വി. കുർബ്ബാന ചൊല്ലി. കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ പ്രസംഗിച്ചു.

28-5-1951. പരുമല. ഇന്ന് കതിരുകളെക്കുറിച്ച് ദൈവമാതാവിന്റെ പെരുന്നാൾ. പഴയസെമിനാരിയിൽ നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം നാം

തിരുവല്ലാ ബഥനി അരമനയിലെത്തി. പി. സി. ചാക്കോയുടെ മകളുടെ വിവാഹം നടത്തിക്കൊടുത്തു. ദീവന്നാസ്യോസ് മെത്രാച്ചൻ, പീലക്സിനോസ് മെത്രാച്ചന്റെ അടിയന്തിരത്തിൽ സംബന്ധിക്കുവാൻ പുത്തൻകാവിനു പോയിരിക്കയാണ്. തിരുവല്ലായിൽ നിന്നും രണ്ടര മണിക്ക് നാം ഇങ്ങോട്ടു പോന്നു. തിരുമൂലപ്പള്ളിക്കാർ ബഥനി അരമനയിൽ വന്നിരുന്നു. കക്കുടിയിൽ ജോർജ് കുര്യൻ കത്തനാരെ, ദീവന്നാസ്യോസ് മെത്രാച്ചൻ തിരുമൂല നിന്നും സ്ഥലം മാറ്റുന്നതിനെ പ്രതിഷേധിച്ചാണ് അവർ വന്നത്. ദീവന്നാസ്യോസ് മെത്രാച്ചൻ സ്ഥലത്തില്ലാതെ തീരുമാനം ചെയ്യുവാൻ സാധ്യമല്ലെന്ന് പറഞ്ഞ് അവരെ അയച്ചു.

29-5-1951. പരുമല. നാം ഇന്ന് ഇവിടെ വി. കുർബ്ബാന ചൊല്ലി. വള്ളക്കാലിലെ ജോർജ് ഇവിടെ വന്ന്, ഇവിടെ ഇടവക ചേർന്നു നടക്കുന്നതിനെപ്പറ്റി സംസാരിച്ചു. മുമ്പ് അവരുടെ കർമ്മാദികൾ ഇവിടെ വച്ച് നടത്തുന്നതല്ലാതെ ഇടവകാംഗമെന്ന നിലയിൽ അവന്റെ വീട്ടുകാരെ ഇവിടുത്തെ സെമിനാരിയിൽ ചേർക്കുവാൻ സാധ്യമല്ലെന്നു പറഞ്ഞു. വിശേഷിച്ചും മുമ്പ് ഇവിടെ വച്ചു കൂടിയ ഒരു സുന്നഹദോസിൽ ഈ നിശ്ചയം തന്നെ ചെയ്തിട്ടുള്ളതിനാൽ അത് നമുക്ക് സ്വയമായി അഴിക്കുവാൻ നിർവ്വാഹമില്ലെന്നും നാം പറഞ്ഞു. കൂടാതെ മലങ്കര അസോസിയേഷനിലേക്കു ഈ ഇടവകയിൽ നിന്നും പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട അരികുപുറത്ത് ഏ. സി. മത്തായി, കളത്ര കുഞ്ഞച്ചൻ എന്നിവരിൽ കുഞ്ഞച്ചനെ അസോസിയേഷനു വിടാതെ ജോർജ് പോകുവാൻ ഒരുങ്ങിയതിനെപ്പറ്റിയും നാം ചോദിച്ചു. വേണമെങ്കിൽ നിരണത്തു പള്ളിയിൽ ഇടവക ചേരുവാൻ നാം അനുവദിക്കാമെന്നു പറഞ്ഞ് അവനെ അയച്ചു.

30-5-1951. പുത്തൻകാവ്. രാവിലെ നാം പരുമല സെമിനാരിയിൽ വി. കുർബ്ബാന ചൊല്ലി. വി. കുർബ്ബാനയ്ക്കുശേഷം ഒമ്പതു മണിയോടു കൂടി നാം ഇങ്ങോട്ടു തിരിച്ചു. പത്തു മണിയോടു കൂടി ചെങ്ങന്നൂർ ബഥേലിൽ എത്തി. പീലക്സിനോസ് മെത്രാച്ചൻ അദ്ദേഹത്തിന്റെ സഹോദരങ്ങളിൽ നിന്നും പല യിനങ്ങളിൽ വാങ്ങിയിരുന്ന 1651 രൂപായ്ക്കുള്ള ചെക്കും, അദ്ദേഹത്തിന്റെ സഹോദരിയുടെ പേർക്ക് (സഹോദരിയുടെ പണം കൊടുത്ത്) വാങ്ങിയിരുന്ന 1000 രൂപയുടെ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റും മെത്രാച്ചന്റെ ഉപയോഗത്തിനായി അദ്ദേഹത്തിന്റെ വീട്ടിൽ നിന്നും എടുത്തിട്ടുണ്ടായിരുന്ന സാധനങ്ങളും, സഹോദരങ്ങളെ ഏല്പിച്ചു രസീതു വാങ്ങിച്ചു. രസീത് പി. ഈ. ദാനിയേൽ കത്തനാരെ ഏല്പിച്ചു. ഉച്ചമേശയ്ക്കു ശേഷം പുത്തൻകാവിലെത്തി. തീമോത്തിയോസ് മെത്രാച്ചൻ ഇവിടെയുണ്ട്.

31-5-1951. കോട്ടയം. രാവിലെ നാം പുത്തൻകാവിൽ വി. കുർബ്ബാന ചൊല്ലി. തീമോത്തിയോസ് മെത്രാച്ചൻ അതിരാവിലെ മൂവാറ്റുപുഴയ്ക്കു പോയി. നാം ഉച്ചയ്ക്കുശേഷം ഇങ്ങോട്ടു തിരിച്ചു. നാലു മണിക്കു ഇവിടെയെത്തി. ജോർജ് വള്ളക്കാലിൽ പുത്തൻകാവിൽ വന്നിരുന്നു. മെത്രാച്ചന്മാർ എല്ലാവരും സ്ഥലത്തില്ലാത്തതിനാൽ അവരുടെ കാര്യം തീരുമാനിക്കുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞു.

1951 ജൂൺ

1-6-1951. കോട്ടയം. തീമോത്തിയോസ് മെത്രാച്ചനെ തുമ്പമൺ ഇടവകയുടെ കൂടി ചാർജ് വഹിക്കുന്നതിനായി നിയമിച്ചു എന്ന വിവരത്തിന് പള്ളികൾക്കു കല്പന അയക്കുന്നതിന് എഴുതിക്കൊടുത്തു.

5-6-1951. കോട്ടയം. ഉച്ചകഴിഞ്ഞ് മാനേജരച്ചൻ സൈത്തു കൊണ്ടുവരുന്നതിനായി എറണാകുളത്തിനു പോയി. വ്യാഴാഴ്ച സൈത്തു കൂദാശ ചെയ്യുന്നതിന് തീമോത്തിയോസ് മെത്രാച്ചനെ കൂടി കൂട്ടിക്കൊണ്ടു പോരണമെന്ന് പറഞ്ഞയച്ചു കല്പന കൊടുത്തയച്ചു.

6-6-1951. കോട്ടയം. രാവിലെ നാം വിശുദ്ധ കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കുശേഷം മാമ്മൻ മാപ്പിളയുടെ മകന്റെ കുട്ടിയെ മാമോദീസാ മുക്കി. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. മാമ്മൻ മാപ്പിളയും ഭാര്യയും കെ. എം. ചെറിയാനും മറ്റും പള്ളിയിൽ ഉണ്ടായിരുന്നു. ശെമ്മാശന്മാർ മരുന്നുകൾ ഇടിച്ചു പൊടിച്ചു കാച്ചി. തീമോത്തിയോസ് മെത്രാച്ചനും മാനേജരച്ചനും പത്തു മണിക്ക് ഇവിടെ എത്തി. പാറേട്ടച്ചൻ വന്നിരുന്നു.

7-6-1951. കോട്ടയം. രാവിലെ തീമോത്തിയോസ് മെത്രാച്ചൻ സൈത്തു കൂദാശ ചെയ്തു. നാമും അതിൽ സംബന്ധിച്ചു. മൂറോന് കൂടുതലായി ചേർക്കാനുള്ളതെല്ലാം ചേർത്തു പൂർത്തിയാക്കി. കൂദാശയ്ക്കുശേഷം സ്വർഗ്ഗാരോഹണ പെരുന്നാൾ പ്രമാണിച്ച് വി. കുർബ്ബാന മെത്രാച്ചൻ ചൊല്ലി. നാലു മണിക്ക് പാമ്പാടി മെത്രാച്ചൻ വന്നിരുന്നു. അധികം താമസിയാതെ തിരിച്ചുപോയി. കോട്ടയം ഇടവകയ്ക്കുള്ള മൂറോനും സൈത്തും മെത്രാച്ചൻ വശം കൊടുത്തയച്ചു. തോട്ടയ്ക്കാട്ടു ഫീലിപ്പോസ് കത്തനാരും മെത്രാച്ചന്റെ കൂടെ പോയി. സന്ധ്യയ്ക്കു കാട്ടകാമ്പാൽ പള്ളിക്കാർ വന്നു. പുലിക്കോട്ടിൽ സൈമണു പട്ടം കൊടുപ്പിക്കാനാണ് വന്നത്. രാത്രി ഇവിടെ താമസിച്ചു. തീമോത്തിയോസ് മെത്രാച്ചൻ കൊച്ചനു പട്ടം കൊടുക്കുന്നതിന് നാം പറഞ്ഞു.

8-6-1951. രാവിലെ തീമോത്തിയോസ് മെത്രാച്ചൻ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ കാട്ടകാമ്പാൽക്കാരൻ സൈമണു കോറൂയോ പട്ടം കൊടുത്തു. ടി പള്ളിക്കുള്ള കല്പനയുമായി അവർ 11 മണിക്ക് പഴഞ്ഞിയിലേക്കു പോയി. കൊപ്പാറെ അച്ചൻ വന്നിരുന്നു. സന്ധ്യയോടുകൂടി ഉാക്കൂരെ അച്ചനും കാർത്തികപള്ളിയിലെ ജോർജച്ചനും വന്നു ചില സംഗതികൾ പറഞ്ഞു. വട്ടക്കുന്നേൽ കത്തനാരു വന്നു തിയോളജിക്കൽ സെമിനാരി തുറക്കുന്നതിനെപ്പറ്റി പറഞ്ഞു. തിരുവല്ല എം.ജി.എം. ഹൈസ്കൂളിനെപ്പറ്റി ചില കാര്യങ്ങൾ പറയുന്നതിന് കെ. വി. മാത്യുവും ജേക്കബും വന്നിരുന്നു.

9-6-1951. കോട്ടയം. തീമോത്തിയോസ് മെത്രാച്ചൻ കാപ്പി കഴിഞ്ഞ് മൂവാറ്റുപുഴയ്ക്കു പോയി. അവിടേക്കുള്ള മൂറോനും സൈത്തും കൊടുത്തയച്ചു. കോലഞ്ചേരിക്കാരൻ സി. യു. വർക്കി അവന്റെ മകനെ വെല്ലൂർ മെഡിക്കൽ കോളജിൽ ചേർക്കുന്നതിന് തേവോദോസ്യോസ് മെത്രാച്ചനെ കണ്ടുംവച്ചു തിരികെ വന്നു. മെത്രാച്ചൻ പറഞ്ഞതനുസരിച്ച് അവൻ 3000 രൂപയുടെ ഒരു ചെക്ക് കോളജുകാർക്ക് അയച്ചുകൊടുക്കുന്നതിനായി നമ്മെ ഏല്പിച്ചു.

10-6-1951. കോട്ടയം. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. വലിയ മഴയും കാറ്റും ആയിരുന്നതുകൊണ്ട് സാധാരണയിൽ ആളുകൾ പള്ളിയിൽ കുറവായിരുന്നു. ഉച്ചകഴിഞ്ഞ് കണക്ക് ഓഡിറ്റ് ചെയ്യുന്നതിനായി മാവേലിക്കര നിന്നും മി. വർഗീസ് വന്നു. 5 മണിക്ക് പുത്തൻകാവിൽ നിന്നും മോടിശേരിലെ കത്തനാരും ട്രസ്റ്റിയുൾപ്പെടെ നാലു പേരും വന്നു. അച്ചൻ അവിടെനിന്നും ഒഴിയണമെന്നു പറഞ്ഞ വിവരവും മറ്റും പറഞ്ഞു. അവിടേക്കു തക്കതായ ഒരച്ചൻ ഇല്ലാത്തതിനാൽ ഉടനെ പോകുവാൻ നിവൃത്തിയില്ലെന്നും വേറൊരാൾ വരുന്നതു വരെ അവിടെ തുടരണമെന്നും നാം കല്പിച്ചു. അച്ചൻ അതു സമ്മതിച്ചു തിരിച്ചുപോയി. മണലിൽ യാക്കോബ് കത്തനാർ സന്ധ്യയോടു കൂടി വന്നു. കേസു കാര്യങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു. നാളെ രാവിലെ തിരുവനന്തപുരത്തു പോകുന്ന വിവരവും പറഞ്ഞു.

11-6-1951. കോട്ടയം. പെന്തിക്കോസ്തിയുടെ ഒരുക്കം പ്രമാണിച്ച് രാവിലെ നാം വിശുദ്ധ കുർബ്ബാന ചൊല്ലി. അച്ചന്മാർ രണ്ടുപേരും തിരുവനന്തപുരത്തിനു പോയി. മാനേജരച്ചൻ രാത്രിയിൽ തിരികെ വന്നു വിവരങ്ങൾ പറഞ്ഞു. കേസു കാര്യം സംബന്ധിച്ച് മണലിൽ യാക്കോബ് കത്തനാർ അവിടെത്തന്നെ താമസിക്കുന്നു.

12-6-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ഉച്ചയോടു കൂടി പത്തനംതിട്ട നിന്നും ദാനിയേൽ കത്തനാരും അവിടെയുള്ള സെന്റ് ബേസിൽ സൊസൈറ്റിയിലെ അംഗങ്ങളും ഇവിടെ വന്നു. അവരുടെ അപേക്ഷയനുസരിച്ച് ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. മാർ ക്ലീമ്മിസ് മെത്രാപ്പോലീത്താ നമ്മെ കാണുന്നതിന് ആഗ്രഹിക്കുന്നെന്നും അതിന് എപ്പോഴാണ് സൗകര്യമെന്നും മറ്റും അറിയിക്കണമെന്നും വി. ഒ. അബ്രഹാം ഇവിടെ അറിയിച്ചതനുസരിച്ച് നാളെ ഉച്ചകഴിഞ്ഞ് വന്നാൽ സൗകര്യമാണെന്ന് മറുപടി കൊടുത്തു.

13-6-1951. കോട്ടയം. രാവിലെ കെ. ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഇന്നലെ അറിയിച്ചതനുസരിച്ച് മാർ ക്ലീമ്മിസ് മെത്രാപ്പോലീത്താ മൂന്നര മണിക്ക് ഇവിടെ എത്തി. മാനേജരച്ചൻ താഴെ ചെന്നു സ്വീകരിച്ച് മുകളിൽ കമ്മിറ്റി മാളികയിൽ കൊണ്ടുവന്നു. നാം മുകളിൽ ഉണ്ടായിരുന്നു. അദ്ദേഹം വന്നു കൈമുത്തി .... (സുറിയാനി വാക്ക്) എന്നു പറഞ്ഞു. അനന്തരം കുറെ സമയം സംഭാഷണം നടത്തി. പി. ഒ. ഏബ്രഹാമും, സെക്രട്ടറി അച്ചനും അദ്ദേഹത്തോടു കൂടി ഉണ്ടായിരുന്നു. കാപ്പി കഴിഞ്ഞ് നാം മുകളിൽ ഉള്ള പടങ്ങളെല്ലാം കാണിച്ചു കൊടുത്തു. പ്രത്യേകമായി അബ്ദേദ് മശിഹാ ബാവായുടെ ഫോട്ടോയും അദ്ദേഹത്തിന്റെ കബറടക്ക സമയം എടുത്ത ഫോട്ടോയും അതിനു പുറകിൽ മാർ യൂലിയോസ് നിൽക്കുന്നതും കാണിച്ചു. ഇവയ്ക്കു ശേഷം പള്ളിയിൽ കയറണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയും അതിനു വിരോധമൊന്നുമില്ലെന്ന് പറയുകയും അദ്ദേഹം മദ്ബഹായിലും കബറുങ്കലും പോയി മൗനപ്രാർത്ഥന നടത്തുകയും ചെയ്തശേഷം തിരിച്ചു മടങ്ങി. സൗക

ര്യംപോലെ ഇനിയും വന്ന് നമ്മെ കാണാമെന്നു പറഞ്ഞു.

14-6-1951. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. മറ്റു വിശേഷം ഒന്നും ഇല്ല. ഇന്ന് പകൽ മുഴുവനും വലിയ മഴയായിരുന്നു. ആറ്റിൽ വെള്ളം പൊങ്ങുന്നുമുണ്ട്.

15-6-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ചന്ദനപ്പള്ളി കൊപ്പാറ അച്ചനും ദാവീദച്ചനും വന്നു. അവരുടെയിടയിലുള്ള ചില്ലറ വഴക്കുകളെപ്പറ്റി പറഞ്ഞു. തൽക്കാലം നാം അവിടെ ചെന്നു പറഞ്ഞു തീർക്കുന്നതുവരേക്കും അച്ചന്മാർ ഇരുവരും അവരവരുടെ തവണകളിൽ പണം എടുത്തു സൂക്ഷിച്ച് കണക്കെഴുതണമെന്നും നാം അവിടെ ചെല്ലുമ്പോൾ നമ്മെ കണക്കും പണവും മറ്റും ഏല്പിക്കണമെന്നും മറ്റും പറഞ്ഞ് കല്പന ഇരുവർക്കും കൊടുത്തു. മണലിൽ യാക്കോബ് കത്തനാർ ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തു നിന്നും വന്നു. രാത്രി താമസിച്ചു. കേസ് കാര്യങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു. പെരുമ്പാവൂർ കല്ലറയ്ക്കൽ പറമ്പിൽ മാത്തു കത്തനാർ വന്നു. ടിയാൻ സെക്കന്ദ്രബാദിലേക്കു തേവോദോസ്യോസ് മെത്രാച്ചൻ പറഞ്ഞതനുസരിച്ച് പോകയാണെന്നും മറ്റും പറഞ്ഞു. ഇവിടെ നിന്നും മൂറോനും സൈത്തും തബലൈത്തായും പാറേട്ടച്ചൻ കൊച്ചുമെത്രാച്ചന് (പുത്തൻകാവിൽ തിരുമേനി – എഡിറ്റർ) ഉപയോഗിക്കുന്നതിന് കൊടുത്തിരുന്ന കാസായും കൊടുത്തയച്ചു. രാത്രി ഇവിടെ താമസിച്ചു.

16-6-1951. കോട്ടയം. മണലിൽ യാക്കോബ് കത്തനാർ രാവിലെ പോയി. നാം വി. കുർബ്ബാന അർപ്പിച്ചു. പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെയും നമ്മുടെയും ജന്മദിനവും, മാർ ഔദേൽ ബാവായുടെ പെരുന്നാളും ആയിരുന്നു ഇന്ന്. ജന്മദിനം പ്രമാണിച്ച് ഉച്ചയ്ക്കു സാധുക്കൾക്ക് ചോറു കൊടുത്തു.

മാത്തു കത്തനാരെ സെക്കന്ദ്രബാദ് പള്ളി വികാരിയായി നിയമിച്ചുകൊണ്ടുള്ള കല്പന കൊടുത്തു. ടിയാൻ നാളെ വി. കുർബ്ബാനയ്ക്കു ശേഷം പെരുമ്പാവൂർ നിന്നും സെക്കന്ദ്രബാദിനു തിരിക്കുന്നതാണ്.

മാർ തീമോത്തിയോസ് മെത്രാച്ചൻ തുമ്പമൺ ഇടവകയുടെ ചാർജെടുക്കുന്നതിനായി നാം കല്പിച്ചതനുസരിച്ച് ഇന്ന് മൂവാറ്റുപുഴ നിന്നും കൊച്ചുമെത്രാച്ചന്റെ (പുത്തൻകാവിൽ തിരുമേനി – എഡിറ്റർ) കാറിൽ പത്തനംതിട്ടയ്ക്കു പോയി. പോകുന്ന വഴി ഇവിടെ കയറി കുറെ സമയം വിശ്രമിച്ചു.

ഇംഗ്ലണ്ടുകാരി ഒരു മദാമ്മ ബിഷപ്പ് സി. കെ. ജേക്കബിന്റെ സെക്രട്ടറി അച്ചനോടു കൂടി ഇവിടെ വന്നു. കമ്മിറ്റി മാളികയും പള്ളിയും മറ്റും കണ്ടു. കുറെ സമയം സംഭാഷണം നടത്തി അവരുടെ ഭർത്താവിന്റെ വലിയപ്പൻ പണ്ട് ഇവിടെ താമസിച്ചിട്ടുണ്ടെന്നും മറ്റും പറഞ്ഞു. അവർ ആവശ്യപ്പെട്ടതനുസരിച്ച് നമ്മുടെ കുരിശും സ്ലീബായും മുദ്രയും മറ്റും അവരെ കാണിച്ചു. അവർ അത്യധികം സന്തോഷിച്ചു തിരിച്ചുപോയി. അവർക്ക് 75 വയസ്സുണ്ടെന്ന് അവർ പറഞ്ഞു.

17-6-1951. കോട്ടയം. ഇന്ന് പെന്തിക്കോസ്തി ഞായറാഴ്ച ആയിരുന്നു. നാം വി. കുർബ്ബാന അർപ്പിച്ചു. ശുശ്രൂഷകൾ നടത്തി. പതിനൊന്നര മണിക്ക് എല്ലാം അവസാനിച്ചു. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. പള്ളി നിറയെ ആളുകൾ ഉണ്ടായിരുന്നു. മാങ്ങാനം പള്ളിയിൽ ചൊല്ലുന്ന പള്ളത്തുകാരൻ അച്ചന് മീനം, ഇടവം മാസങ്ങളിലെ ശമ്പളം 40 രൂപ ഇന്ന് കൊടുത്തു. മേടത്തിലെ ശമ്പളം പള്ളിക്കാർ അച്ചനു കൊടുത്തു.

18-6-1951. കോട്ടയം. മാർ അഹറോൻ ബാവായുടെ ബാവായുടെ ഓർമ്മദിനമാകയാൽ മാനേജരു കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. കുന്നങ്കുളത്തെ ദാവീദ് കോറെപ്പിസ്ക്കോപ്പാ മരിച്ചതായി കമ്പി വന്നു. മറുപടി കമ്പി അയച്ചു. ഈപ്പൻ ശെമ്മാശൻ പഠിക്കുന്നതിനായി ഇന്ന് ആലുവായിലേക്കു പോയി. പരുമല നിന്നും മാനേജർ മാത്യൂസ് കത്തനാർ വന്നിരുന്നു. രാത്രി താമസിച്ചു. എം.ജി.എം. ഇ.എച്ച്. ഹെഡ്മാസ്റ്റർ വന്ന് സ്കൂൾ സംബന്ധിച്ച ചില സംഗതികൾ പറഞ്ഞു.

19-6-1951. കോട്ടയം. രാവിലെ ആലോചനാ സമിതിയുടെ യോഗം കൂടി. സമിതി അംഗങ്ങളിൽ എം. സി. മാത്യു ഒഴിച്ചുള്ള എല്ലാവരും ഹാജരുണ്ടായിരുന്നു. 21-ാം തീയതി കൂടുന്ന മാനേജിംഗ് കമ്മിറ്റിയിലെ ആലോചനാവിഷയത്തെപ്പറ്റി ആലോചിച്ചു. ചില തീരുമാനങ്ങൾ ചെയ്തു. കേസുവകയ്ക്കു പണം പിരിക്കേണ്ട സംഗതിയെപ്പറ്റിയും മറ്റും ആലോചിച്ചു. മണലിൽ അച്ചൻ ഇവിടെ താമസിച്ചു. കെ. എ. മാത്യു (ഹെഡ്മാസ്റ്റർ) വന്നിരുന്നു.

20-6-1951. കോട്ടയം. ഇന്ന് വിശേഷം ഒന്നും ഇല്ല.

21-6-1951. രാവിലെ 10 മണിക്ക് മാനേജിംഗ് കമ്മിറ്റി യോഗം കൂടി. മെത്രാച്ചന്മാരെല്ലാവരും വന്നിരുന്നു. മെമ്പറന്മാരിൽ ഭൂരിഭാഗവും ഹാജരുണ്ടായിരുന്നു. പല സംഗതികളെക്കുറിച്ചും തീരുമാനം ചെയ്തു. പത്തനംതിട്ടയും മാവേലിക്കരയും ഓരോ കോളജ് ഉണ്ടാക്കുന്നതിന് തീരുമാനിച്ചു. പഴയസെമിനാരി കണക്കു വായിച്ചു കേട്ടു പാസ്സാക്കി. കാതോലിക്കാദിനം (1950-ലെ) കണക്കു കേട്ടു പാസ്സാക്കി. 51-ലെ ബഡ്ജറ്റ് പാസ്സാക്കി. കേസിന്റെ ആവശ്യത്തിലേക്കു ഊർജ്ജിതമായി ഭദ്രാസന ഇടവകകളിൽ പണപ്പിരിവു നടത്തണമെന്നും, കൂടാതെ കമ്മിറ്റി മെംമ്പേഴ്സ് 100 രൂപയിൽ കുറയാതെ ഓരോ തുക തരാമെന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്തു. മാമ്മൻ മാപ്പിള വലിയ ഉത്സാഹത്തോടുകൂടി പണപിരിവിനെപ്പറ്റി പറയുകയും എല്ലാവരെയും ഉത്സാഹിപ്പിക്കയും ചെയ്തു. 1000 രൂപാ ടിയാൻ തരാമെന്നു വാഗ്ദത്തം ചെയ്തു. നാലരയ്ക്കു യോഗം അവസാനിച്ചു. തേവോദോസ്യോസ് മെത്രാച്ചൻ ഇവിടെ താമസിച്ചു. മറ്റു മെത്രാച്ചന്മാർ ഇന്നുതന്നെ തിരിച്ചുപോയി. നെല്ലിന്റെ കാര്യത്തെപ്പറ്റി അന്വേഷിക്കാനായി മാനേജരും മണലിൽ കത്തനാരും പൂപ്പള്ളിൽ കുട്ടിയും കൂടി ഇടത്വായ്ക്കു പോയി.

22-6-1951. കോട്ടയം. സ്വർണ്ണ വെള്ളിയാഴ്ചയാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. പ്രഭാത നമസ്കാരശേഷം തേവോദോസ്യോസ് മെത്രാച്ചൻ ബഥനിയിലേക്കു പോയി.

23-6-1951. കോട്ടയം. മാനേജരച്ചൻ ഇടത്വായിൽ നിന്നും വന്നു. നെല്ലിന്റെ സംഗതിയെപ്പറ്റി പറഞ്ഞു. പാട്ടക്കാർ ഈയാണ്ടിൽ പെർമിറ്റിൻപ്രകാരം ഉള്ളതു തരികയില്ലെന്നാണ് തോന്നുന്നത്.

24-6-1951. കോട്ടയം. രാവിലെ മാനേജരച്ചൻ വി. കുർബ്ബാന അർപ്പിച്ചു. പള്ളിയിൽ ആളുകൾ ധാരാളം ഉണ്ടായിരുന്നു. നാം പ്രസംഗിച്ചു. ഫീലിപ്പോസ് കത്തനാർക്കു കോളജ് ചാപ്പലിൽ വി. കുർബ്ബാന ചൊല്ലേണ്ടതായിട്ടുള്ളതുകൊണ്ട് ഇന്ന് ഇവിടെ കുർബ്ബാനയ്ക്കു വന്നില്ല. ഈപ്പൻ രാത്രിയിൽ വന്നിരുന്നു. അഡ്മിഷൻ കിട്ടിയ വിവരം പറഞ്ഞു. കുർബ്ബാന കഴിഞ്ഞ ഉടനെ ശെമ്മാശൻ ആലുവായ്ക്കു പോയി.

25-6-1951. കോട്ടയം. ഒമ്പതര മണിക്ക് നട്ടാശ്ശേരിക്കാരൻ കൊച്ചന്റെ വിവാഹം നടത്തിക്കൊടുത്തു. വികാരി ഫീലിപ്പോസ് കത്തനാരും ഉണ്ടായിരുന്നു. മാനേജിംഗ് കമ്മിറ്റിയിൽ വച്ച് വിദ്യാഭ്യാസകാര്യത്തെപ്പറ്റി ആലോചിച്ച് തീരുമാനം ചെയ്യുന്നതിനായി നിയോഗിച്ചിരുന്ന കമ്മിറ്റി ഇന്നുകൂടി ചില തീരുമാനങ്ങൾ ചെയ്തു. ചെറിയാൻ വക്കീൽ വന്നില്ല. മറ്റു മെമ്പറന്മാരായ പാറേട്ടച്ചൻ, ദാവീദ് അച്ചൻ, നൈനാച്ചൻ ഇവർ ഉണ്ടായിരുന്നു.

പാറേട്ടച്ചൻ രാവിലെ വന്നു. ഉച്ചകഴിഞ്ഞ് നാലു മണിക്കു തിരിച്ചുപോയി.

സന്ധ്യാനമസ്കാരം കഴിഞ്ഞ് തറയിൽ ബിഷപ്പ് നമ്മെ കാണ്മാൻ വന്നു. വിദ്യാഭ്യാസ സംഗതിയെപ്പറ്റി അവർ ചെയ്ത തീരുമാനം നമ്മെ അറിയിച്ചു. നാമും ആലോചിച്ചു വേണ്ടതു ചെയ്യാമെന്നു പറഞ്ഞു. കുറെ സമയം സംസാരിച്ച ശേഷം തിരിച്ചുപോയി.

വകയാറ്റു നിന്നും വികാരി അച്ചൻ വന്നിരുന്നു. നെടിയവിള കത്തനാരെ നാം മുടക്കിയിട്ടും അയാൾ ചില ഉപദ്രവങ്ങൾ ചെയ്യാൻ ശ്രമിക്കുന്നു എന്നും മറ്റും പറഞ്ഞു. അതിന് പരിഹാരം ആലോചിച്ചു തീരുമാനിക്കുന്നതിനായി ഇ. ജെ. ഫീലിപ്പോസ് വക്കീലിനെ കാണ്മാൻ നാം കല്പിക്കയും ഫീലിപ്പോച്ചന്റെ പേർക്കു ഒരെഴുത്തു കൊടുക്കയും ചെയ്തു.

26-6-1951. കോട്ടയം, കുണ്ടറ. രാവിലെ പത്തനംതിട്ട നിന്നും ജോഷ്വാ കത്തനാരും ളാക്കൂരെ കത്തനാരും വന്നിരുന്നു. ദാവീദച്ചനെ എം.ഡി. യിൽ നിന്നും പത്തനംതിട്ടയ്ക്കു കൊണ്ടുപോകുവാൻ ആലോചിക്കുന്നതിന് ദാവീദച്ചനോടുകൂടിയാണ് വന്നത്. അങ്ങനെ പത്തനംതിട്ടയ്ക്കു സ്ഥലംമാറ്റം കൊടുത്തുകൊണ്ടുള്ള ഓർഡർ അച്ചനെ ഏല്പിച്ചു.

ഒമ്പതു മണിക്ക് കുണ്ടറക്കു തിരിച്ചു. ഇടയ്ക്കു തിരുവല്ലാ ബഥനിയിൽ കയറി. മെത്രാച്ചൻ പത്തനാപുരത്തിനു പോയെന്ന് ഏലിയാസ് കത്തനാർ പറഞ്ഞു.

(തുടരും)

യാക്കോബിന്റെയും യോസയുടേയും അമ്മ മറിയം



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

യാക്കോബിന്റെയും യോസയുടേയും അമ്മ മറിയം പുതിയ നിയമത്തിൽ പരാമർശിക്കപ്പെടുന്ന വിശ്വസ്തയായ സ്ത്രീകളിൽ ഒരാളാണ്. അവൾ യേശു ക്രിസ്തുവിന്റെ ശുശ്രൂഷയുടെ അവസാനഘട്ടങ്ങൾക്ക് സാക്ഷിയായിരുന്ന സ്ത്രീകളിൽ ഒരാളായി ബൈബിൾ രേഖപ്പെടുത്തുന്നു. യേശുവിന്റെ ക്രൂശു മരണവും കബറടക്കവും ഉയിർപ്പുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ അവളുടെ സാന്നിധ്യം പ്രത്യേകമായി പരാമർശിക്കപ്പെടുന്നു.

ബൈബിളിൽ പറയുന്നതുപോലെ, യേശു ക്രൂശിക്കപ്പെടുമ്പോൾ അകലെ നിന്ന് നോക്കി നിന്നിരുന്ന സ്ത്രീകളിൽ യാക്കോബിന്റെയും യോസയുടേയും അമ്മയായ മറിയവും ഉണ്ടായിരുന്നു. ഇത് വി. മത്തായി 27:56 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ മർക്കോസ് 15:40 ലും അവൾ, ക്രൂശിക്കപ്പെടുന്ന സംഭവത്തിന്റെ സാക്ഷികളായ സ്ത്രീകളിൽ ഒരാളായി പറയപ്പെടുന്നു. ഈ വേദഭാഗങ്ങൾ അവൾ യേശുവിന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ നിമിഷങ്ങളിലും വിശ്വാസത്തോടെ അവിടെയുണ്ടായിരുന്നുവെന്ന് കാണിക്കുന്നു.

കൂടാതെ, യേശുവിനെ അടക്കിയശേഷവും അവൾ അവിടെ നിന്ന് മാറിപ്പോയില്ല. വി. മത്തായി 27:61 പ്രകാരം, യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്കു സമീപം ഇരുന്ന് അവൾ അതു ശ്രദ്ധിച്ച് നിന്നിരുന്നു. ഇത് അവളുടെ സ്നേഹവും സമർപ്പണവും എത്ര ആഴമുള്ളതാണെന്ന് വ്യക്തമാക്കുന്നു. യേശുവിന്റെ ഉയിർപ്പുമായി ബന്ധപ്പെട്ട സംഭവങ്ങളിലും അവളുടെ സാന്നിധ്യം കാണാം. വി. മർക്കോസ് 16:1 പ്രകാരം, ശബ്ബത്ത് കഴിഞ്ഞ ശേഷം യേശുവിന്റെ ശരീരത്തെ അഭിഷേകം ചെയ്യാൻ സുഗന്ധദ്രവ്യങ്ങൾ വാങ്ങി കല്ലറയിലേക്ക് പോയ സ്ത്രീകളിൽ മറിയവും ഉണ്ടായിരുന്നു. ഇതിലൂടെ അവൾ യേശുവിനോടുള്ള ആദരവും ഭക്തിയും അവസാനത്തോളം നിലനിർത്തിയിരുന്നുവെന്ന് മനസ്സിലാക്കാം.

ഇങ്ങനെ ബൈബിളിലെ ചെറിയ പരാമർശങ്ങൾ വഴിയാണെങ്കിലും യാക്കോബിന്റെയും യോസെയുടേയും അമ്മയായ മറിയം വിശ്വാസം, ധൈര്യം, സമർപ്പണം എന്നിവ നിറഞ്ഞ ഒരു സ്ത്രീയായിരുന്നുവെന്ന് വ്യക്തമാകുന്നു. യേശുവിന്റെ കഷ്ടപ്പാടുകളുടെ സമയത്തും അവനോടൊപ്പം നിന്നത് അവളുടെ ശക്തമായ വിശ്വാസത്തിന്റെ അടയാളമാണ്. അതുകൊണ്ട് തന്നെ അവളുടെ ജീവിതം ക്രിസ്ത്യാനികൾക്ക് വിശ്വാസത്തിൽ സ്ഥിരതയുടെയും ധൈര്യത്തിന്റെയും നല്ല മാതൃകയായി കണക്കാക്കപ്പെടുന്നു.

1. ദൈവത്തോടുള്ള ഉറച്ച വിശ്വാസം

മറിയാമിന്റെ ജീവിതത്തിൽ ഏറ്റവും വ്യക്തമായി കാണുന്ന ആത്മീയ സവിശേഷതകളിൽ ഒന്നാണ് ദൈവത്തോടുള്ള അവളുടെ ഉറച്ച വിശ്വാസം. ബൈബിളിൽ അവളുടെ ജീവിതത്തെക്കുറിച്ച് വളരെ കുറച്ച് വിവരങ്ങൾ മാത്രമേ ലഭ്യമാകുന്നുള്ളു. എന്നാൽ ലഭിക്കുന്ന ആ ചെറിയ വിവരങ്ങൾ തന്നെ അവളുടെ വിശ്വാസത്തിന്റെ ആഴവും ആത്മീയ സമർപ്പണവും വ്യക്തമാക്കുന്നു.

ഗലീലയിൽ നിന്ന് യേശുവിനെ പിന്തുടർന്ന് അവനെ സേവിച്ചിരുന്ന സ്ത്രീകളുടെ കൂട്ടത്തിൽ മറിയവും ഉണ്ടായിരുന്നുവെന്ന് ബൈബിൾ വ്യക്തമാക്കുന്നു. ഇത് അവൾ യേശുവിന്റെ ദൗത്യത്തെ വെറും ദൂരത്തിൽ നിന്ന് നിരീക്ഷിച്ചവളല്ല, മറിച്ച് അതിൽ സജീവമായി പങ്കാളിയായിരുന്നുവെന്ന് കാണിക്കുന്നു. അവൾ യേശുവിന്റെ ഉപദേശങ്ങളിലും പ്രവർത്തികളിലും വിശ്വാസിച്ച് അവനെ പിന്തുടർന്നവളായിരുന്നു.



യേശുവിന്റെ ശുശ്രൂഷയുടെ അവസാന ഘട്ടം വളരെ ദുഃഖകരവും ആശയക്കുഴപ്പമുള്ളതുമായ സമയമായിരുന്നു. യേശുവിനെ എതിർത്തിരുന്ന നേതാക്കൾ ശക്തമായി പ്രതികരിക്കുകയും അവനെ ക്രൂശിക്കാനുള്ള തീരുമാനത്തിലേക്ക് കാര്യങ്ങൾ നീങ്ങുകയും ചെയ്തിരുന്നു. അത്തരമൊരു സാഹചര്യത്തിൽ പല ശിഷ്യന്മാരും ഭയപ്പെട്ടു പിന്നോട്ട് പോയിരുന്നു. എന്നാൽ മറിയം തന്റെ വിശ്വാസത്തിൽ നിന്ന് പിന്നോട്ടില്ലാതെ നിലകൊണ്ടു.

ഈ സംഭവത്തിൽ അവൾ യേശുവിന്റെ ക്രൂശുമരണത്തിന്റെ സാക്ഷിയായി നിന്നുവെന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. കാരണം ആ സമയത്ത് അവിടെ നിലകൊള്ളുന്നത് അപകടകരമായ കാര്യമായിരുന്നു. എന്നിരുന്നാലും അവൾ ഭയത്തെക്കാൾ വിശ്വാസത്തിന് മുൻഗണന നൽകി.

ഇത് അവളുടെ ആത്മീയ ശക്തിയെയും ദൈവത്തോടുള്ള വിശ്വാസത്തിന്റെ ഉറപ്പിനേയും വ്യക്തമാക്കുന്നു. പ്രതിസന്ധികൾ വരുമ്പോൾ വിശ്വാസം നഷ്ടപ്പെടുന്നത് മനുഷ്യരുടെ സ്വഭാവമാണ്. എന്നാൽ മറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് സത്യമായ വിശ്വാസം സന്തോഷകരമായ സാഹചര്യങ്ങളിൽ മാത്രം നിലനിൽക്കുന്നതല്ല, കഷ്ടപ്പാടുകളുടെയും പരീക്ഷണങ്ങളുടെയും സമയത്തും അത് ഉറച്ചുനിൽക്കുന്നതാണെന്നതാണ്. യേശുവിന്റെ കഷ്ടപ്പാടുകളും മരണവും കണ്ടിട്ടും അവൾ അവനെ ഉപേക്ഷിച്ചില്ല. മറിച്ച് അവൾ അവിടെ നിന്നു. ഈ സംഭവം അവളുടെ വിശ്വാസത്തിന്റെ ആഴവും ദൈവത്തോടുള്ള അവളുടെ ആത്മീയബന്ധവും വ്യക്തമാക്കുന്നു.

അതുകൊണ്ട് തന്നെ മറിയാമിന്റെ ജീവിതം വിശ്വാസികൾക്ക് ഒരു വലിയ

ആത്മീയ പാഠമാണ് നൽകുന്നത്. ജീവിതത്തിൽ പ്രശ്നങ്ങളും പരീക്ഷണങ്ങളും വന്നാലും ദൈവത്തോടുള്ള വിശ്വാസം നഷ്ടപ്പെടുത്താതെ നിലകൊള്ളേണ്ടതിന്റെ ഒരു മനോഹര മാതൃകയാണ് അവളുടെ ജീവിതം. അവളുടെ വിശ്വാസം പ്രതിസന്ധികളിലും ഉറച്ചുനിന്ന വിശ്വാസമായിരുന്നു, അതുകൊണ്ടു തന്നെ അവൾ ഇന്നും വിശ്വാസികളുടെ ആത്മീയ പ്രചോദനമായി തുടരുന്നു.

2. യേശുവിനോടുള്ള സമർപ്പണം

മറിയാമിന്റെ ജീവിതത്തിൽ വ്യക്തമായി കാണുന്ന മറ്റൊരു പ്രധാന ആത്മീയ ഗുണമാണ് യേശുവിനോടുള്ള അവളുടെ ആഴമുള്ള സമർപ്പണം. വിശ്വാസം കൊണ്ടു മാത്രം മതിയാവുകയില്ല; ആ വിശ്വാസം, ജീവിതത്തിൽ പ്രവർത്തിയായി പ്രകടിപ്പിക്കുമ്പോഴാണ് അത് സമർപ്പണമായി മാറുന്നത്. മറിയാമിന്റെ ജീവിതം അത്തരത്തിലുള്ള പ്രവർത്തനപരമായ വിശ്വാസത്തിന്റെ ഒരു മനോഹര ഉദാഹരണമാണ്.

ബൈബിൾ പറയുന്നത്, ഗലീലയിൽ നിന്ന് യേശുവിനെ പിന്തുടർന്ന് അവനെ സേവിച്ചിരുന്ന സ്ത്രീകളിൽ മറിയാമും ഉണ്ടായിരുന്നുവെന്നാണ്. വി. മർക്കോസ് 15:41-ൽ ഈ കാര്യം വ്യക്തമാക്കുന്നു. ഇത് വളരെ പ്രാധാന്യമുള്ള ഒരു വിവരമാണ്. കാരണം യേശുവിന്റെ ശുശ്രൂഷയിൽ സ്ത്രീകൾ നൽകിയ പിന്തുണ വളരെ നിർണായകമായിരുന്നു. അവർ യേശുവിനെയും അവന്റെ ശിഷ്യന്മാരെയും പിന്തുടർന്ന് അവരുടെ ആവശ്യങ്ങളിൽ സഹായിക്കുകയും സേവിക്കുകയും ചെയ്തിരുന്നു.

ഈ പശ്ചാത്തലത്തിൽ മറിയം യേശുവിന്റെ ദൗത്യത്തിൽ വെറും ദൂരത്തു നിന്ന് നോക്കി നിന്ന ഒരാളല്ലായിരുന്നു. അവൾ അവന്റെ ശുശ്രൂഷയോട് ആത്മാർത്ഥമായി ബന്ധപ്പെട്ടു നിന്നവളായിരുന്നു. അവൾ യേശുവിനെ പിന്തുടർന്ന് അവനെ സേവിച്ചു. ഇതിലൂടെ അവൾ യേശുവിന്റെ ദൗത്യത്തോടും ദൈവരാജ്യത്തിന്റെ പ്രവർത്തനത്തോടുമുള്ള തന്റെ സ്നേഹവും സമർപ്പണവും പ്രകടിപ്പിച്ചു.

യേശുവിന്റെ ശുശ്രൂഷ അവസാനത്തിലേക്ക് എത്തിയപ്പോൾ സംഭവങ്ങൾ വളരെ വേഗത്തിൽ മാറി. യേശുവിനെ പിടികൂടുകയും പിന്നീട് ക്രൂശിക്കപ്പെടുകയും ചെയ്തു. സാധാരണയായി ഇത്തരം സാഹചര്യങ്ങളിൽ പലരും ഭയപ്പെട്ടു പിന്നോട്ട് പോകാറുണ്ട്. എന്നാൽ മറിയാമിന്റെ സമർപ്പണം അങ്ങനെ ആയിരുന്നില്ല.

യേശുവിനെ അടക്കം ചെയ്തശേഷവും അവൾ അവിടെ നിന്നിരുന്നു. വി. മത്തായി 27:61 പ്രകാരം മറിയം മറ്റൊരു മറിയാമിനോടൊപ്പം കല്ലറയ്ക്കു മുമ്പിൽ ഇരുന്ന് അത് ശ്രദ്ധിച്ച് നോക്കിയിരുന്നു. ഈ സംഭവം വളരെ അർത്ഥവത്താണ്. യേശുവിനെ അടക്കം ചെയ്തശേഷവും അവൾ അവിടെ നിന്നത് അവളുടെ സ്നേഹവും വിശ്വാസവും എത്ര ആഴമുള്ളതാണെന്ന് കാണിക്കുന്നു. അവൾ ആ സംഭവത്തെ അവഗണിച്ചില്ല; മറിച്ച് അതിന്റെ സാക്ഷിയായി അവിടെ നിന്നു.

അതുമാത്രമല്ല, അവളുടെ സമർപ്പണം അവിടെ അവസാനിച്ചില്ല. വി. മർക്കോസ് 16:1 ൽ പറയുന്നതുപോലെ ശബ്ബത്ത് കഴിഞ്ഞ ശേഷം യേശുവിന്റെ ശരീരത്തെ അഭിഷേകം ചെയ്യാൻ സുഗന്ധദ്രവ്യങ്ങൾ കൊണ്ടുവന്ന സ്ത്രീകളിൽ മറിയവും ഉണ്ടായിരുന്നു. ഇത് അവളുടെ സ്നേഹത്തിന്റെ മറ്റൊരു പ്രകടനമാണ്. യേശുവിനെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തതിനാലാണ് അവൾ ഈ പ്രവൃത്തിയിൽ പങ്കാളിയായത്.

ഈ സംഭവങ്ങൾ എല്ലാം ചേർന്ന് നോക്കുമ്പോൾ മറിയാമിന്റെ സമർപ്പണം അവസരങ്ങൾക്കനുസരിച്ച് മാറിയ ഒന്നല്ലെന്ന് മനസ്സിലാക്കാം. യേശു മഹത്വത്തിൽ ആയിരുന്ന സമയത്തും അവൾ അവനെ പിന്തുടർന്നു; അവൻ കഷ്ടപ്പാടുകളിൽ ആയിരുന്ന സമയത്തും അവൾ അവിടെ നിന്നു; അവൻ മരണപ്പെട്ട ശേഷവും അവൾ അവനെ മറന്നില്ല.

അതിനാൽ മറിയാമിന്റെ ജീവിതം നമ്മെ ഒരു വലിയ ആത്മീയ സത്യത്തിലേക്ക് നയിക്കുന്നു. യഥാർത്ഥ സമർപ്പണം സന്തോഷകരമായ സമയങ്ങളിൽ മാത്രം കാണിക്കുന്ന ഒന്നല്ല. കഷ്ടപ്പാടുകളും നിരാശകളും നിറഞ്ഞ സാഹചര്യങ്ങളിലും അത് നിലനിൽക്കണം. മറിയാമിന്റെ സമർപ്പണം അത്തരത്തിലുള്ള സ്ഥിരമായ സമർപ്പണമായിരുന്നു.

അതുകൊണ്ട് തന്നെ അവളുടെ ജീവിതം വിശ്വാസികൾക്ക് ഒരു ശക്തമായ മാതൃകയാണ്. ദൈവത്തോടുള്ള സ്നേഹവും സമർപ്പണവും ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും നിലനിർത്തേണ്ടതിന്റെ ഒരു മനോഹര ഉദാഹരണമാണ് മറിയാമിന്റെ ജീവിതം.

3. ധൈര്യവും വിശ്വാസസ്ഥിരതയും

മറിയാമിന്റെ ജീവിതത്തിൽ വ്യക്തമായി കാണുന്ന മറ്റൊരു പ്രധാന ഗുണമാണ് അവളുടെ ധൈര്യവും വിശ്വാസസ്ഥിരതയും. യേശുവിന്റെ ക്രൂശുമരണത്തിന്റെ സമയത്ത് ഉണ്ടായിരുന്ന സാഹചര്യങ്ങൾ വളരെ ഭയാനകവും അപകടകരവുമായിരുന്നു. യേശുവിനെ എതിർത്തിരുന്ന മതനേതാക്കളും അധികാരികളും അവനെ പിന്തുടർന്നവരെ സംശയത്തോടെ നോക്കിയിരുന്ന സമയമായിരുന്നു അത്. അത്തരമൊരു സാഹചര്യത്തിൽ യേശുവിനോടുള്ള ബന്ധം തുറന്നു കാണിക്കുന്നതിന് പലരും ഭയപ്പെട്ടിരുന്നു.

യേശുവിന്റെ അടുത്ത ശിഷ്യന്മാരിൽ പലരും ആ സമയത്ത് ഭയപ്പെട്ടു അകന്നുപോയിരുന്നു. ചിലർ മറഞ്ഞുനിന്നു, ചിലർ ദൂരെയായി നിന്നു. എന്നാൽ ഈ സാഹചര്യത്തിലും ചില സ്ത്രീകൾ യേശുവിനോടുള്ള വിശ്വാസം വിട്ടുകളയാതെ അവിടെ നിന്നിരുന്നു. ആ സ്ത്രീകളുടെ കൂട്ടത്തിൽ മറിയവും ഉണ്ടായിരുന്നു.

വി. മർക്കോസ് 15:40 ൽ പറയുന്നതുപോലെ യേശു ക്രൂശിക്കപ്പെടുമ്പോൾ അകലെ നിന്ന് നോക്കി നിന്ന സ്ത്രീകളിൽ മറിയവും ഉൾപ്പെടുന്നു. അവൾ ആ സംഭവത്തിന്റെ സാക്ഷിയായി അവിടെ നിന്നത് ഒരു സാധാരണ കാര്യമല്ല. യേശുവിന്റെ ക്രൂശുമരണം വളരെ ദുഃഖകരവും ഭീതിജനകവുമായ ഒരു സംഭവമായിരുന്നു. അത്തരമൊരു സമയത്ത് അവിടെ നിലകൊള്ളുന്നത് വലിയ ആത്മധൈര്യം ആവശ്യമാണ്.

മറിയം ഭയത്തെക്കാൾ കൂടുതലായി വിശ്വാസത്തെ തിരഞ്ഞെടുക്കുകയായിരുന്നു. അവൾ ദൂരെയായിരുന്നെങ്കിലും ആ സംഭവത്തിൽ നിന്ന് മാറിനിന്നില്ല. യേശുവിന്റെ കഷ്ടപ്പാടുകളുടെ സാക്ഷിയായി അവൾ അവിടെ നിന്നു. ഇത് അവളുടെ ആത്മധൈര്യവും അവളുടെ വിശ്വാസത്തിന്റെ ശക്തിയും വ്യക്തമാക്കുന്നു. ഇതോടൊപ്പം മറ്റൊരു പ്രധാന സംഭവവും ബൈബിൾ രേഖപ്പെടുത്തുന്നു. വി. മത്തായി 27:61 പ്രകാരം യേശുവിനെ അടക്കം ചെയ്തശേഷം മറിയം മറ്റൊരു മറിയാമിനോടൊപ്പം കല്ലറയ്ക്കു മുമ്പിൽ ഇരുന്ന് അത് ശ്രദ്ധിച്ച് നോക്കിയിരുന്നു. ഈ സംഭവം അവളുടെ വിശ്വാസത്തിലെ സ്ഥിരതയെ കൂടുതൽ വ്യക്തമായി കാണിക്കുന്നു.

സാധാരണയായി ഒരു വ്യക്തിയുടെ മരണം സംഭവിച്ചശേഷം പലരും ആ സ്ഥലത്ത് നിന്ന് മാറിപ്പോകാറുണ്ട്. എന്നാൽ മറിയം അങ്ങനെ ചെയ്തില്ല. യേശുവിനെ അടക്കം ചെയ്തശേഷവും അവൾ അവിടെ നിന്നു. അവൾ കല്ലറയ്ക്ക് മുമ്പിൽ ഇരുന്ന് ആ സംഭവത്തെ ശ്രദ്ധിച്ച് നോക്കി. ഇത് അവളുടെ സ്നേഹവും വിശ്വാസവും എത്ര ആഴമുള്ളതാണെന്ന് വ്യക്തമാക്കുന്നു.

മറിയാമിന്റെ ഈ നിലപാട് നമ്മെ ഒരു വലിയ ആത്മീയ സത്യത്തിലേക്ക് നയിക്കുന്നു. യഥാർത്ഥ വിശ്വാസം എന്നത് അനുകൂല സാഹചര്യങ്ങളിൽ മാത്രം നിലനിൽക്കുന്ന ഒന്നല്ല. കഷ്ടപ്പാടുകളും ഭയങ്ങളും നിറഞ്ഞ സാഹചര്യങ്ങളിലും അതിൽ ഉറച്ചുനിൽക്കണം. മറിയത്തിന്റെ വിശ്വാസം അത്തരത്തിലുള്ള സ്ഥിരതയുള്ള വിശ്വാസമായിരുന്നു.

അതുകൊണ്ട് തന്നെ അവളുടെ ജീവിതം വിശ്വാസികൾക്ക് വലിയൊരു പ്രചോദനമാണ്. ജീവിതത്തിൽ പരീക്ഷണങ്ങളും ഭയങ്ങളും വന്നാലും ദൈവത്തോടുള്ള വിശ്വാസം വിട്ടുകളയാതെ ധൈര്യത്തോടെ നിലകൊള്ളേണ്ടതിന്റെ ഒരു മനോഹര മാതൃകയാണ് മറിയാമിന്റെ ജീവിതം. ഭയം നിറഞ്ഞ സാഹചര്യത്തിലും അവൾ യേശുവിനെ ഉപേക്ഷിച്ചില്ല; മറിച്ച് അവന്റെ കഷ്ടപ്പാടുകളുടെ സാക്ഷിയായി അവിടെ നിന്നു. അതുകൊണ്ടുതന്നെ അവളുടെ ജീവിതം ധൈര്യവും സ്ഥിരതയുമുള്ള വിശ്വാസത്തിന്റെ ശക്തമായ ഉദാഹരണമായി മാറുന്നു.

4. മാതൃത്വത്തിന്റെ മനോഹര മാതൃക

മറിയാമിന്റെ ജീവിതത്തിൽ കാണുന്ന മറ്റൊരു പ്രധാന സവിശേഷത അവളുടെ മാതൃത്വമാണ്. ബൈബിളിൽ അവളെ "യാക്കോബിന്റെയും യോസെയുടേയും അമ്മ മറിയം" എന്ന് പരാമർശിക്കുന്നതായി കാണാം (വി. മത്തായി 27:56). ഈ പരാമർശം അവൾ ഒരു കുടുംബജീവിതം നയിച്ചിരുന്ന സ്ത്രീയായിരുന്നു എന്നും, ഒരു മാതാവെന്ന നിലയിൽ അവൾക്ക് പ്രത്യേകമായൊരു പങ്കുണ്ടായിരുന്നുവെന്നും അവളുടെ ജീവിതത്തിൽ മാതൃത്വം ഒരു പ്രധാനപ്പെട്ട

ഭാഗമായിരുന്നുവെന്നും മനസ്സിലാക്കാം. ബൈബിളിൽ പലപ്പോഴും ഒരാളെ തിരിച്ചറിയാൻ അവന്റെ കുടുംബബന്ധങ്ങൾ ഉപയോഗിക്കാറുണ്ട്.

ഒരു മാതാവിന്റെ ജീവിതം കുട്ടികളെ വളർത്തുന്നതിനേക്കാൾ കൂടുതലാണ്. അവർ അവരുടെ മക്കൾക്ക് ജീവിതമൂല്യങ്ങളും വിശ്വാസവും ആത്മീയതയും പകർന്നു നൽകുന്നവരാണ്. മറിയാമിന്റെ ജീവിതത്തിലും ഇത് കാണാൻ കഴിയും. അവളുടെ മകനായ യാക്കോബ് പിന്നീട് ക്രിസ്തീയ വിശ്വാസത്തിൽ പ്രധാനപ്പെട്ട വ്യക്തികളിൽ ഒരാളായി അറിയപ്പെടുന്നു. ഇത് അവൾ തന്റെ കുടുംബത്തിൽ വിശ്വാസത്തിന്റെ അന്തരീക്ഷം വളർത്തിയെടുത്ത മാതാവായിരുന്നുവെന്ന് സൂചിപ്പിക്കുന്നു.

മാതൃത്വം ഒരു വലിയ ഉത്തരവാദിത്വമാണ്. ഒരു അമ്മ തന്റെ മക്കളെ ശാരീരികമായി മാത്രമല്ല, ആത്മീയമായും വളർത്തേണ്ടതുണ്ട്. ദൈവത്തെ അറിയുന്ന, സത്യത്തിൽ നടക്കുന്ന, വ്യക്തികളായി അവരെ രൂപപ്പെടുത്തുക എന്നത് ഒരു വിശ്വാസിയായ മാതാവിന്റെ പ്രധാന കടമയാണ്. മറിയത്തിന്റെ ജീവിതം ഈ ഉത്തരവാദിത്വത്തെ വളരെ മനോഹരമായി പ്രതിഫലിപ്പിക്കുന്നു.

അവൾ യേശുവിനെ പിന്തുടർന്ന സ്ത്രീകളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നതിനാൽ കുടുംബജീവിതത്തോടൊപ്പം അവളുടെ വിശ്വാസവും നിലനിന്നിരുന്നുവെന്ന് വ്യക്തമാകുന്നു. അവൾ ഒരു അമ്മയായിരുന്നുവെങ്കിലും ദൈവത്തിന്റെ പ്രവർത്തനത്തിൽ പങ്കാളിയായിരുന്നുവെന്നത് അവളുടെ ആത്മീയജീവിതത്തിന്റെ ആഴം വ്യക്തമാക്കുന്നു. ഇത് കുടുംബജീവിതവും ആത്മീയജീവിതവും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് നമ്മെ പഠിപ്പിക്കുന്നു.

മറിയാമിന്റെ ജീവിതം ഇന്നത്തെ മാതാപിതാക്കൾക്ക് വലിയ പ്രചോദനമാണ്. ഒരു അമ്മയുടെ വിശ്വാസവും ആത്മീയജീവിതവും മക്കളുടെ ജീവിതത്തെ സ്വാധീനിക്കാനാകുമെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. മാതാപിതാക്കൾ വിശ്വാസത്തിൽ ഉറച്ചുനിൽക്കുമ്പോൾ അവരുടെ മക്കളും ആ വിശ്വാസത്തിന്റെ പാതയിൽ വളരാൻ സാധ്യത കൂടുതലാണ്.

അതുകൊണ്ട് തന്നെ മറിയാമിന്റെ ജീവിതം വിശ്വാസമുള്ള ഒരു മാതാവിന്റെ മനോഹര മാതൃകയായി കാണപ്പെടുന്നു. കുടുംബത്തെ സംരക്ഷിക്കുകയും മക്കളെ നല്ല മൂല്യങ്ങളിലേക്കും വിശ്വാസത്തിലേക്കും നയിക്കുകയും ചെയ്യുന്ന മാതൃത്വത്തിന്റെ മഹത്വം അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. അവളുടെ മാതൃത്വം ക്രിസ്തീയ വിശ്വാസത്തിൽ ഒരു പ്രചോദനകരമായ ഉദാഹരണമായി തുടരുന്നു.

5. വിനയവും സേവന മനോഭാവവും

മറിയാമിന്റെ ജീവിതത്തിൽ വളരെ വ്യക്തമായി കാണുന്ന മറ്റൊരു ആത്മീയ ഗുണമാണ് അവളുടെ വിനയവും സേവന മനോഭാവവും. ബൈബിളിൽ അവളുടെ ജീവിതത്തെക്കുറിച്ച് വളരെ കുറച്ച് വിവരങ്ങൾ മാത്രമേ നൽകിയിട്ടുള്ളു. എന്നാൽ ആ ചെറിയ പരാമർശങ്ങൾക്കുള്ളിൽ തന്നെ അവളുടെ വിനയപൂർണ്ണമായ ജീവിതവും ദൈവത്തിന്റെ പ്രവർത്തനത്തിൽ അവൾ എടുത്ത പങ്കും വ്യക്തമായി കാണാൻ കഴിയും.

വി. മർക്കോസ് 15:41 ൽ ഗലീലയിൽ നിന്ന് യേശുവിനെ പിന്തുടർന്ന് അവനെ സേവിച്ചിരുന്ന സ്ത്രീകളെക്കുറിച്ച് പറയുമ്പോൾ മറിയത്തെയും ഉൾപ്പെടുത്തുന്നു. ഇത് അവൾ യേശുവിന്റെ ശുശ്രൂഷയെ ശാന്തമായും ആത്മാർത്ഥമായും പിന്തുണച്ചിരുന്നുവെന്ന് കാണിക്കുന്നു. അവൾ പ്രകടനപരത ഉള്ളവളായിരുന്നില്ല; എന്നാൽ തിരശ്ശീലയ്കു പിന്നിൽ നിന്നുകൊണ്ട് സേവനം ചെയ്യുന്ന വിശ്വസ്തയായിരുന്നു.

യേശുവിന്റെ ശുശ്രൂഷയുടെ സമയത്ത് ചില സ്ത്രീകൾ അവനെ പിന്തുടർന്ന് അവന്റെയും അവന്റെ ശിഷ്യന്മാരുടെയും ആവശ്യങ്ങളിൽ സഹായിക്കുകയും സേവിക്കുകയും ചെയ്തിരുന്നു. ഈ സേവനം പലപ്പോഴും ശ്രദ്ധിക്കപ്പെടാത്തതും പുറത്തേക്ക് വലിയ പ്രശസ്തി ലഭിക്കാത്തതുമായിരുന്നെങ്കിലും അതിന് വലിയ ആത്മീയ വിലയുണ്ടായിരുന്നു. മറിയവും അത്തരത്തിലുള്ള വിനയപൂർണ്ണമായ സേവനത്തിൽ പങ്കാളിയായിരുന്നുവെന്ന് ബൈബിൾ സൂചിപ്പിക്കുന്നു. വിനയം എന്നത് തന്നെത്തന്നെ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കാതെ ദൈവത്തിന്റെ പ്രവർത്തനത്തിൽ ശാന്തമായി പങ്കാളിയായിരിക്കുകയാണ്. മറിയാമിന്റെ ജീവിതത്തിൽ ഈ ഗുണം വളരെ വ്യക്തമായി കാണാം. അവൾ തന്റെ വിശ്വാസത്തെ വലിയ വാക്കുകളിൽ പ്രകടിപ്പിച്ചില്ല; എന്നാൽ തന്റെ പ്രവർത്തികളിലൂടെ അത് തെളിയിച്ചു. യേശുവിനെ പിന്തുടർന്ന് അവനെ

ഇങ്ങനെ നോക്കുമ്പോൾ, ബൈബിളിൽ ചെറിയ പരാമർശങ്ങൾ മാത്രമുള്ള ഒരാളായിരുന്നാലും യാക്കോബിന്റെയും യോസയുടേയും അമ്മ മറിയാമിന്റെ ജീവിതം വലിയ ആത്മീയ പാഠങ്ങൾ നൽകുന്നു.

സേവിച്ചതിലൂടെ അവൾ തന്റെ സ്നേഹവും വിശ്വാസവും പ്രകടിപ്പിച്ചു.

കൂടാതെ, അവൾ പ്രശസ്തിയോ അംഗീകാരമോ തേടിയിരുന്നില്ല. ബൈബിളിൽ അവളുടെ ജീവിതത്തെക്കുറിച്ച് വലിയ വിവരണങ്ങൾ ഇല്ലാത്തത് തന്നെ അവളുടെ വിനയത്തിന്റെ ഒരു സൂചനയായി കാണാം. എന്നിരുന്നാലും യേശുവിന്റെ ജീവിതത്തിലെ നിർണായകമായ ചില സംഭവങ്ങളിൽ അവൾ ഉണ്ടായിരുന്നത് ദൈവത്തിന്റെ പ്രവർത്തനത്തിൽ അവൾ വിശ്വസ്തമായി പങ്കാളിയായിരുന്നുവെന്ന് കാണിക്കുന്നു. മറിയാമിന്റെ ഈ വിനയപൂർണ്ണമായ സേവനം വിശ്വാസികൾക്ക് ഒരു പ്രധാനപ്പെട്ട ആത്മീയ പാഠം നൽകുന്നു. ദൈവത്തിന്റെ രാജ്യത്തിൽ സേവനം ചെയ്യുന്നത് പ്രശസ്തി നേടുന്നതിനോ മറ്റുള്ളവരുടെ ശ്രദ്ധ നേടുന്നതിനോ അല്ല. മറിച്ച് ദൈവത്തോടുള്ള സ്നേഹവും വിശ്വാസവും മൂലം സേവിക്കുന്നതാണ് യഥാർത്ഥ സേവനം.

അതുകൊണ്ട് തന്നെ മറിയാമിന്റെ ജീവിതം വിനയത്തോടും സേവന മനോഭാവത്തോടും കുടി ദൈവത്തിന്റെ പ്രവർത്തനത്തിൽ പങ്കാളിയായിരുന്ന ഒരാളുടെ മനോഹരമായ ഉദാഹരണമാണ്. അവൾ വലിയ സ്ഥാനങ്ങൾ നേടിയില്ലെങ്കിലും വിശ്വസ്തതയോടെ സേവിച്ചവളായിരുന്നു. അതുകൊണ്ട് തന്നെ ദൈവത്തെ സ്നേഹിക്കുന്നവർ വിനയത്തോടും സമർപ്പണത്തോടും കൂടി സേവിക്കേണ്ടതിന്റെ ഒരു ശക്തമായ ഓർമ്മപ്പെടുത്തലും വിശ്വാസികൾക്കുള്ള ഒരു പ്രചോദനവുമാണ് അവളുടെ ജീവിതം.

യാക്കോബിന്റെയും യോസയുടേയും അമ്മ മറിയത്തെക്കുറിച്ച് ബൈബിളിൽ വളരെ കുറച്ച് പരാമർശങ്ങൾ മാത്രമേ കാണുന്നുള്ളു. എന്നിരുന്നാലും ആ ചെറിയ പരാമർശങ്ങൾ പോലും അവളുടെ ജീവിതത്തിന്റെ ആത്മീയ മഹത്വം വ്യക്തമാക്കുന്നു. യേശുവിന്റെ ജീവിതത്തിലെ ഏറ്റവും നിർണായകവും ദുഃഖകരവുമായ സമയങ്ങളിൽ അവൾ സാക്ഷിയായി നിന്നത് അവളുടെ വിശ്വാസത്തിന്റെ ശക്തിയും ആത്മാർത്ഥതയും കാണിക്കുന്നു.

യേശുക്രിസ്തു ക്രൂശിക്കപ്പെട്ട സമയത്ത് പലരും ഭയന്ന് മാറിനിന്നപ്പോൾ, മറിയത്തിനെ പോലുള്ള വിശ്വസ്തരായ സ്ത്രീകൾ അവിടെ നിന്നു. വി. മത്തായി 27:56 ഉം വി. മർക്കോസ് 15:40 ഉം പറയുന്നതുപോലെ അവൾ ക്രൂശുമരണത്തിന്റെ സാക്ഷികളിൽ ഒരാളായിരുന്നു. ഇത് അവളുടെ ധൈര്യവും വിശ്വാസത്തിലെ ഉറച്ച നിലപാടും വ്യക്തമാക്കുന്നു.

അതുപോലെ തന്നെ യേശുവിനെ അടക്കം ചെയ്തശേഷവും അവൾ അവിടെ നിന്നു. വി. മത്തായി 27:61 ൽ പറയുന്നതുപോലെ അവൾ കല്ലറയ്ക്കു മുമ്പിൽ ഇരുന്ന് അത് ശ്രദ്ധിച്ചു. പിന്നീട് യേശുവിന്റെ ശരീരത്തെ പൂശേണ്ടതിന്നു സുഗന്ധദ്രവ്യങ്ങൾ കൊണ്ടു കല്ലറയിലേക്ക് വന്ന സ്ത്രീകളിൽ ഒരാളായും അവൾ പരാമർശിക്കപ്പെടുന്നു (വി. മർക്കോസ് 16:1). ഇതിലൂടെ അവളുടെ സ്നേഹവും സമർപ്പണവും അവസാനത്തോളം നിലനിന്നിരുന്നുവെന്ന് മനസ്സിലാക്കാം.

മറിയാമിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് വിശ്വാസത്തിന്റെ യഥാർത്ഥ അർത്ഥമാണ്. വിശ്വാസം വെറും വാക്കുകളിൽ മാത്രമല്ല, കഷ്ടപ്പാടുകളിലും പരീക്ഷണങ്ങളിലുമാണ് അതിന്റെ യഥാർത്ഥ ശക്തി പ്രകടമാകുന്നത്. യേശുവിന്റെ കഷ്ടപ്പാടുകളുടെ സമയത്തും അവൾ അവിടെ നിന്നത് വിശ്വാസത്തിൽ സ്ഥിരതയുള്ള ജീവിതത്തിന്റെ ഉദാഹരണമാണ്.

കൂടാതെ അവളുടെ ജീവിതം വിനയത്തിന്റെയും സേവന മനോഭാവത്തിന്റെയും മാതൃകയാണ്. അവൾ വലിയ പ്രശസ്തി തേടിയില്ല; എന്നാൽ ശാന്തമായും ആത്മാർത്ഥമായും ദൈവത്തിന്റെ പ്രവർത്തനത്തിൽ പങ്കാളിയായി. ഈ കാരണത്താൽ തന്നെ അവളുടെ ജീവിതം വിശ്വാസികൾക്ക് പ്രചോദനമാണ്.


ഇങ്ങനെ നോക്കുമ്പോൾ, ബൈബിളിൽ ചെറിയ പരാമർശങ്ങൾ മാത്രമുള്ള ഒരാളായിരുന്നാലും യാക്കോബിന്റെയും യോസയുടേയും അമ്മ മറിയാമിന്റെ ജീവിതം വലിയ ആത്മീയ പാഠങ്ങൾ നൽകുന്നു. വിശ്വാസം, ധൈര്യം, സമർപ്പണം, വിനയം എന്നിവയിലൂടെ ദൈവത്തോടുള്ള ജീവിതം എങ്ങനെയായിരിക്കണം എന്ന് അവൾ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് തന്നെയാണ് അവളുടെ ജീവിതം ഇന്നും നമുക്ക് ആത്മീയ പ്രചോദനമായി തുടരുന്നത്. ❑

വചനതീർത്ഥം



പുതു ഞായറാഴ്ചയ്ക്ക് ശേഷം മൂന്നാം ഞായർ (ലൂക്കോസ് 24:13-35)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ദിവസം തന്നെ രണ്ട് ശിഷ്യന്മാർ യരുശലേമിൽ നിന്ന് യാത്രയാകുന്ന സംഭവമാണ് ഇന്നത്തെ പ്രതിപാദ്യം ശിഷ്യന്മാരിൽ രണ്ടുപേർ എന്ന് പറയുമ്പോൾ തന്നെ അവർ പന്ത്രണ്ടു പേരിൽ പെട്ടവരായിരുന്നില്ല എന്ന് വേണം അനുമാനിക്കുവാൻ. ഈ സംഭവത്തിന്റെ അവസാനം അവർ തിരികെ യരുശലേമിൽ എത്തി 11 പേരെ കണ്ടുവെന്ന് പറയുന്നുണ്ട്. അവരിൽ ഒരാൾ ക്ലയൊപ്പാവും കൂടെയുണ്ടായിരുന്നയാൾ എഴുത്തുകാരനായ ലൂക്കോസ് തന്നെയാകാം എന്നും പാരമ്പര്യങ്ങൾ പറയുന്നു. ക്രിസ്തു കൊല്ലപ്പെട്ട കലുഷിതമായ യെരുശലേമിൽ നിന്ന് സുരക്ഷിതത്വം തേടി എമ്മാവൂസിലേക്ക് ഇവർ യാത്രയാവുകയാണ്. ഭയപ്പാടിൽ നിന്ന് ധൈര്യപ്പെടലിലേക്ക് തിരികെ എത്തുന്ന രണ്ട് ശിഷ്യന്മാരെയാണ് ഈ ഭാഗത്തിന്റെ അവസാനം നാം കാണുന്നത്.

അധൈര്യപ്പെടലിന്റെ ഓട്ടം

ക്രിസ്തു രാജത്വം പ്രാപിക്കുന്നതും പ്രതീക്ഷിച്ചു അവനോടൊപ്പം യെരുശലേമിലേക്ക് വന്നവരാകാം ഇവർ രണ്ടുപേരും. എന്നാൽ ഇന്ന് തങ്ങൾ ആയിരിക്കുന്ന ഇടത്തിന്റെ സുരക്ഷിതത്വമില്ലായ്മ തിരിച്ചറിഞ്ഞ് അവർ തിരികെ നടക്കുകയാണ്. എമ്മാവൂസ് തങ്ങളുടെ സുരക്ഷിത നഗരം എന്ന് വിചാരിച്ചു അധൈര്യപ്പെട്ട് അവർ യെരുശലേമിൽ നിന്ന് മടങ്ങുകയാണ്. അധൈര്യപ്പെടലിന്റെ ഈ ഓട്ടത്തിന് പല കാരണങ്ങളുണ്ട്.

യുക്തിയുടെ അതിതീവ്രത

ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്നുള്ളത് തങ്ങളുടെ യുക്തിക്ക് നിരക്കുന്നില്ല എന്നുള്ളതാണ് ഈ യാത്രയുടെ ഒന്നാമത്തെ കാരണം. യേശു ഉയർത്തെഴുന്നേറ്റു എന്ന് പലരും പറയുന്നുവെങ്കിലും തങ്ങൾക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നില്ല എന്നാണ് അവർ കൂടെ നടക്കുന്ന അപരിചിതനോട് പറയുന്നത് (ലൂക്കോസ് 24:21-24). ജീവിതത്തിൽ പലപ്പോഴും ദൈവവിശ്വാസം നഷ്ടപ്പെടുന്നതിന് യുക്തിയുടെ അതിതീവ്രത നമുക്കും കാരണമാകാറുണ്ട്. ചിലതിനൊന്നും പരിഹാരമില്ല എന്ന് നാം തന്നെ വിധിയെഴുതി ദൈവ ചിന്തകളെ അവഗണിച്ച് നാം യാത്ര ചെയ്യുമ്പോൾ അത് ഭയപ്പെടലിന്റെ ജീവിത വഴികളാണ് എന്ന് തിരിച്ചറിയണം. യുക്തിക്കപ്പുറമുള്ള ഭക്തിയിലേക്കും ദൈവവിശ്വാസത്തിലേക്കും അടുത്ത് വരുവാൻ കഴിയണം.

പ്രതീക്ഷകളുടെ തകർച്ച

പ്രതീക്ഷകളുടെ തകർച്ചയാണ് അധൈര്യപ്പെടലിന്റെ ഓട്ടത്തിന്റെ മറ്റൊരു കാരണം. യേശു രാജാവാകുമെന്നും തങ്ങൾ അനുഭവിക്കുന്ന സകല പ്രശ്നങ്ങൾക്കും പരിഹാരമാകും എന്നും വിചാരിച്ചു ആകണം ഇവർ ഉൾപ്പെടെയുള്ള സമൂഹം ക്രിസ്തുവിനെ അനുഗമിക്കുന്നത്. എന്നാൽ അവൻ കൊല്ലപ്പെട്ടു എന്ന് കാണുമ്പോൾ സകലതും നഷ്ടമായവരെ പോലെ അവർ തിരികെ ഓടുകയാണ്. മനുഷ്യജീവിതം പ്രതീക്ഷകളുടെ മേൽ പടുത്തുയർത്തിയിട്ടുള്ളതാണ്. ചിലപ്പോൾ എങ്കിലും ഈ പ്രതീക്ഷകൾക്ക് ഭംഗം വരുമ്പോൾ നാം വല്ലാതെ തളർന്ന് പോകാറുണ്ട്. തകർന്ന പ്രതീക്ഷകളുടെ മേൽ നമ്മെ തന്നെ ആശ്രയിച്ച് നാം നടത്തുന്ന ഓട്ടം ആത്യന്തികമായി നമ്മെ സുരക്ഷിതമാകില്ല എന്നും തിരിച്ചറിയണം

ഭയത്തെ നിശബ്ദമാക്കുന്ന ദൈവീക ഇടപെടൽ

പരിഭ്രമത്തിൽ ആയിരിക്കുന്ന രണ്ട് പേരോട് പക്ഷം ചേരുന്ന ഒരു അപരിചിതന്റെ ഭാവത്തിലാണ് കർത്താവ് ഇവരുടെ ജീവിതത്തിൽ ഇടപെടുന്നത്. അവരിൽ നിന്നും കേട്ട് തുടങ്ങി സാവധാനം കർത്താവ് അവരുടെ പ്രശ്നങ്ങളെ നേരിടുകയാണ്. ഈ വേദഭാഗത്ത് കാണുന്ന രണ്ട് ശിഷ്യന്മാരും ഏതൊരു ക്രിസ്തു ശിഷ്യന്റെയും പ്രതിനിധിയാണ്. പല കാരണങ്ങൾ കൊണ്ടുണ്ടാകാവുന്ന വിശ്വാസരാഹിത്യം കാരണം ദൈവസന്നിധിയിൽ നിന്ന് ഓടിപ്പോകുമ്പോഴും അവരെ ചേർത്തു പിടിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തു സാന്നിധ്യത്തെ തിരിച്ചറിയുവാൻ കഴിയണം.

ജീവിതത്തിലെ ആകുലതകളെ അകറ്റുവാനുള്ള ദൈവീക ഇടപെടലുകൾക്ക് രണ്ടു തലമുണ്ടെന്ന് ഈ വേദഭാഗം ഓർമിപ്പിക്കുന്നു.

ദൈവവചനത്തിലൂടെ ബലപ്പെടുത്തുന്നു


മോശ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിൽ നിന്നും ഉള്ളത് ശിഷ്യന്മാർക്ക് കൂടെ നടക്കുന്ന ക്രിസ്തു വ്യാഖ്യാനിച്ചു കൊടുത്തു എന്ന് വേദഭാഗം ഓർമിപ്പിക്കുന്നു (ലൂക്കോസ് 24:25-27). വിശുദ്ധ ഗ്രന്ഥത്തിൽ വാഗ്ദാനമായി നൽകിയിരിക്കുന്ന സർവ്വതും വ്യാഖ്യാനിച്ചു നൽകി ഭയപ്പാടുള്ള ജീവിതത്തിലേക്ക് കുളിർമഴയാകുന്ന ദൈവവചനത്തെ ഒഴുക്കിക്കൊടുക്കുകയാണ്.

കർതൃമേശയിലുള്ള സംബന്ധത്തിലൂടെ ബലപ്പെടുത്തുന്നു

യാത്രയുടെ പൂർണ്ണതയിൽ രാത്രി പാർക്കുവാൻ സഹയാത്രികനെ ക്ഷണിക്കുന്ന ശിഷ്യന്മാരുടെ ജീവിതത്തെ തകിടം മറിച്ചുകൊണ്ട് വീണ്ടും ദൈവീക ഇടപെടൽ ഉണ്ടാവുകയാണ്. അത്താഴത്തിന് ഇരിക്കുമ്പോൾ അതിഥിയായി ഭവനത്തിലേക്ക് വന്നവർ ആതിഥേയന്റെ ദൗത്യം സ്വീകരിക്കുകയാണ്. വിശുദ്ധ കുർബാന സ്ഥാപനത്തിൽ എന്നതുപോലെ കർത്താവ് അപ്പം എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുക്കുമ്പോൾ അവരുടെ കണ്ണുകൾ തുറന്നു എന്ന് വേദഭാഗം സൂക്ഷിക്കുന്നുണ്ട്. നമ്മുടെ കർത്താവ് പുനരുത്ഥാനത്തിനു ശേഷം അർപ്പിച്ച വിശുദ്ധ ബലിയായി നമുക്കിതിനെ കാണാം. വാസ്തവത്തിൽ കർതൃമേശയിലുള്ള സംബന്ധമാണ് ഭയത്തെ അതിജീവിക്കുവാൻ ശിഷ്യന്മാരെ പ്രാപ്തരാക്കുന്നത്. രാത്രിയിൽ തന്നെ അവർ തിരികെ യരുശലേമിലേക്ക് പോയി മറ്റ് ശിഷ്യന്മാരെ കണ്ടു എന്ന് പറയുന്നിടത്ത് ദൈവീക ഇടപെടലിലൂടെ അവർ ആർജിച്ചെടുത്ത ധൈര്യത്തെയും ദിശാബോധത്തെയും ദർശനത്തെയും പ്രകടമായി നമുക്ക് മനസ്സിലാക്കാം.

ഓരോ വിശ്വാസിയും അവൻറെ ജീവിതത്തിൽ ബലപ്പെടേണ്ടത് ദൈവവചനത്തിലൂടെയും കർതൃമേശയിലുള്ള സംബന്ധത്തിലൂടെയുമാണ്. ഒരു ക്രിസ്ത്യാനിയെ അവന്റെ ബലഹീനതകളിൽ ബലപ്പെടുത്തുന്നതാണ് ഇവ രണ്ടും എന്ന തികഞ്ഞ ബോധ്യം നമുക്ക് ഉണ്ടാവണം.

❑



My food is to do the will of Him who sent me and to finish His work

(Third Sunday after New Sunday)

(St. John 4:31–38)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

The subject of today's meditation is the teachings given by the Lord Jesus to the group of disciples who arrived with food following His conversation with the Samaritan woman in the town of Sychar. One of the many reasons why the Gospel according to St. John is different from the Synoptic Gospels is that St. John explains more deeply the inseparable bond between the Father and the Son, and the divinity and humanity that are similarly united in the Son of God.

A teaching of that nature is recorded here as well. In the Holy Gospels, it is recorded in several places that the Son of God felt hunger and thirst. Here too, He asks the Samaritan woman for water as one who seeks to quench His thirst. However, when speaking to the disciples, the Evangelist records the Lord Jesus as one who has neither hunger nor thirst. This is one of many examples of the union between His divinity and His humanity.

Spiritual food is more desirable than physical food and drink

Here, in the process of redeeming a sinner from her state of sin, He has forgotten physical hunger and thirst. He waits expectantly for the return of sinners. Their return is what satisfies Him the most. The shepherd's joy when the lost sheep is found and the father's happiness at the return of the prodigal son are similar to this.

Remember the question of the tempter who approached our Lord to test Him when He felt hungry in the desert (the land of trials) after fasting for forty days and nights. What was the answer the Lord gave? "Man does not live by bread alone, but by every word of God." We are those who should hunger and thirst for the hearing and observance of the Word of God. It is this spiritual hunger that is disappearing today.

Lent, fasting, prayer, hearing the Word of God, meditation, and observance are all provisions for this journey. The most important food for the journey is the Holy Qurbana (Eucharist).

The 4th Psalm is the one we recite during the Compline prayer. There is a sentence we recite in that Psalm: "You have put more joy in my heart than they have when their grain and wine abound." Joy and peace that fill the heart are more important than worldly food and drink. "For the kingdom of God is not food and drink, but righteousness and peace and joy in the Holy Spirit."

Our Lord satisfied a multitude of more than five thousand (the count of men alone) with five loaves and two fish. They had all been sitting in the presence of God for days, hearing and meditating on the Holy Word. They felt no hunger or thirst. They came for the fullness of the soul rather than out of concern for their physical bodies. This fervor is what should lead us. Many sermons take place in all our churches. However, we must reflect on whether these go beyond mere hearing and lead to a true transformation of the heart.



The harvest of souls is of great importance

This scripture portion occurs in the context of the conversation between Lord Jesus and the Samaritan woman. The Samaritans were a group of people whom the Jewish people viewed with great enmity. For that very reason, going among them or working in their midst was considered a despicable act by them. We can recall the group of disciples who, following an unpleasant experience in that region once, asked to "command fire to come down and consume them," can't we?

But here, what is the main theme of the conversation Lord Jesus has with that woman? It is about eternal life. He is teaching her that He Himself is the Messiah and speaking of the river of life that flows from Him. That woman is a representative of a large community. Through her, many are attracted to Christ. Here, while the disciples stood apart, the Master Himself is demonstrating how to work.

The mission entrusted to us is to redeem souls beyond the boundaries of country, language, race, and color. We must be able to share the love of Christ with many. The blessed fathers of holy memory, Pathros Mar Osthathios, Geevarghese Mar Osthathios, and Stephanos Mar Theodosius, are examples we have received from among ourselves. We have a spiritual obligation to take the hands of, uplift, and unite those who are sidelined by society for various reasons and those who have been pushed into the depths of the social order.

There are two dimensions to our mission work, for which Lord Jesus Himself is the model: internal and external. While our attention is focused only on external missionary activities, we must also have a clear awareness of the souls we are losing from the body of the Church for various reasons.

The Lord, who turned fishermen into fishers of men, is today inviting us also to this great harvest. Just as harvesters carry out their work with cheers and celebratory shouts, we too should engage in this harvest not with sorrow or a sense of burden, but with joy in the Holy Spirit.

Become those who gather the harvest for eternal life

Holy St. Paul the Apostle reminds us, "Our citizenship is in heaven." Why should we amass treasures in "this world where moth and rust destroy and where thieves break in and steal?" Our treasures should belong to the immortal Kingdom of Heaven. It is for eternal life that our harvests should be gathered.

According to the ancient tradition regarding the missionary acts of St. Thomas the Apostle in India, we see the Apostle preparing a treasure in heaven for King Gondaphorus. While the king entrusted St. Thomas to build for his luxury and pleasure on earth, the Apostle was preparing a treasure for him in eternal life.

We are those who wait for His awe-inspiring second coming, where He gives each person the reward according to their deeds. While those who sow in the flesh reap destruction from the flesh, only if we are able to sow in the Spirit will we be able to reap eternal life from the Spirit on that day of His return. This gathering of treasure is possible only when we are able to completely leave the desires and pleasures of this world and love our God with all our heart, soul, and strength.

If we are capable of storing what is necessary by anticipating a coming time of famine, why are we unable to gather the fruits of eternal life for that day of return for which we each wait? We must be able to break the chains that pull us backward. We should sincerely pray before the Lord, "Set a guard over the open doors of our senses."

May we be able to long for the spiritual food that quenches the soul's thirst more than physical food and drink (the desires of the flesh), and become harvesters of souls who gather crops for eternal life. May God's grace strengthen us for this.



വൈദിക കുടുംബങ്ങൾ കൂട്ടായ്മയുടെ സന്ദേശ വാഹകരാകണം: പരിശുദ്ധ കാതോലിക്കാ ബാവ

പരുമല: കൂട്ടായ്മ എന്നത് ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വൈദിക കുടുംബങ്ങൾ കൂട്ടായ്മയുടെ സന്ദേശവാഹകരാകണമെന്ന് പരിശുദ്ധ ബാവ തിരുമേനി പറഞ്ഞു. അഖില മലങ്കര ബസ്ക്യോമോ അസ്സോസിയേഷന്റെ വാർഷിക സമ്മേളനം ഉത്ഘാടനം ചെയ്യുകയായിരുന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്ക ബാവ. കൂട്ടായ്മ അതിർവരമ്പുകൾ ഇല്ലാത്ത കാരുണ്യത്തിന്റെ ഉറവകളെന്നും പരിശുദ്ധ ബാവാ പറഞ്ഞു. ബസ്ക്യോമോ അസ്സോസിയേഷന്റെ പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.



കോട്ടയം മെത്രാസനത്തിലെ പള്ളി വികാരിമാർക്കും കൈസ്ഥാനികൾക്കും, സെക്രട്ടറിമാർക്കുമായി പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ പരിശീലന പരിപാടി നടന്നു. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് നേതൃത്വം നൽകി.



ബൈബിൾ വായനയിലൂടെ സാഹാനുഭൂതി വളർത്തണം: പരിശുദ്ധ കാതോലിക്ക ബാവ

തിരുവല്ല: ദൈവവചനമായ ബൈബിൾ വായനയിലൂടെ സഹാനുഭൂതി വളർത്തണമെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ പറഞ്ഞു. തിരുവചന വായനയും വ്യാഖ്യാനവും സാമൂഹിക പരിപാലനത്തിനുള്ള ബോധ്യവും പ്രതിബദ്ധതയും പകരും.

ബൈബിൾ സൊസൈറ്റി കേരളാ ഓക്സിലറി സപ്തതിയോടനുബന്ധിച്ച് നടത്തിയ സഭാദ്ധ്യക്ഷന്മാരുടെ സ്നേഹ സംഗമം മാർത്തോമ്മാ സഭാകേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ. കാതോലിക്ക ബാവ.

മാർത്തോമ്മാ സഭാദ്ധ്യക്ഷനും ബൈബിൾ സൊസൈറ്റി കേരള ഒക്സിലറി പ്രസിഡൻറുമായ ഡോ. തെയോഡോഷ്യസ് മാർ തോമ്മാ മെത്രാപ്പോലിത്താ അദ്ധ്യക്ഷത വഹിച്ചു. മാറുന്ന ലോകത്ത് മാറ്റമില്ലാത്ത ദൈവവചനം പങ്കിട്ട് വചന ബോധ്യമുള്ള തലമുറയെ സൃഷ്ടിക്കണമെന്ന് അദ്ദേഹം പറഞ്ഞു. വചനാനുഭവം വർദ്ധിപ്പിച്ച് വചന ബോധ്യമുള്ള തലമുറ വളരണമെന്നും പറഞ്ഞു.

വിവിധ സഭാദ്ധ്യക്ഷന്മാരും മെത്രാപ്പോലിത്തന്മാരും ബൈബിൾ സൊസൈറ്റി കേരളാ ഒക്സിലറി കമ്മിറ്റി അംഗങ്ങളും സമ്മേളനത്തിൽ പങ്കെടുത്തു.



പുനർനിർമിച്ച കരുളായി സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിന്റെ കൂദാശ ഗീവർഗീസ് മാർ പക്കോമിയോസ് നിർവ്വഹിച്ചു.

വലവീശിയ കൈകളിൽ ദൈവത്തിന്റെ വിപ്ലവം

ഫാ. അജീഷ് ബാബു

കടലിലും കായലിലും പണിയെടുക്കുന്ന മനുഷ്യർക്ക് ഒരു പ്രത്യേക സ്വഭാവമുണ്ട്. അവരുടെ ശരീരം കടലിന്റെ ഉപ്പുരുചി വഹിച്ചിരിക്കും; അവരുടെ ചിരിയിൽ തിരമാലകളുടെ സ്വാതന്ത്ര്യം ഉണ്ടാകും; അവരുടെ ഭാഷയിൽ അധികം അലങ്കാരം കാണില്ല, നേരുള്ളതും നിർഭയവുമായ ഒരു തുറന്ന സ്വഭാവം. അവർ ജീവിതത്തെ നേരിട്ട് നേരിടുന്നവർ. ആഴങ്ങൾക്കൊപ്പം പോരാടിയവർ. അതുകൊണ്ടുതന്നെ അവരുമായി അടുപ്പത്തിലാവാൻ സമയം വേണ്ടിവരാറില്ല, അവർ സങ്കീർണ്ണതകളില്ലാത്തവരാണ്. ഇത്തരം മനുഷ്യരോടാണ് യേശു തന്റെ ആദ്യ ബന്ധങ്ങൾ നെയ്തെടുത്തത്. ഗലീലായുടെ കടൽത്തീരത്ത് വല വീശിക്കൊണ്ടിരുന്ന ശിഷ്യന്മാരെ വിളിച്ചപ്പോൾ, അത് ഒരു സാധാരണ മതവിളിയല്ലായിരുന്നു; അത് ഒരു സാമൂഹ്യ-രാഷ്ട്രീയ പ്രഖ്യാപനം കൂടിയായിരുന്നു.



ശിഷ്യന്മാരുടെ ലോകം കടലായിരുന്നു, അസ്ഥിരതയുടെ ലോകം. അവർ ഓരോ ദിവസവും ഉറപ്പില്ലാത്ത ഉപജീവനത്തിലേക്ക് പോകുന്നവരാണ്. ഒരു ദിവസം വല നിറയും; മറ്റന്നാൾ ശൂന്യമാകും. റോമൻ സാമ്രാജ്യത്തിന്റെ നികുതി സംവിധാനവും, പ്രാദേശിക അധികാരികളുടെ ചൂഷണവും അവരുടെ ജീവിതത്തെ കൂടുതൽ അനിശ്ചിതമാക്കുകയായിരുന്നു. അവർ ജീവിച്ചിരുന്നത് ഒരു സാമ്പത്തിക അതിരിലായിരുന്നു, ജീവിക്കാൻ മാത്രം മതിയാകുന്ന വരുമാനവും, പക്ഷേ സുരക്ഷയില്ലാത്ത ഒരു നിലയും.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് യേശു അവരെ സമീപിക്കുന്നത്. “എന്നെ പിന്തുടരുക” എന്ന ആഹ്വാനം ഒരു ആത്മീയ ക്ഷണമാത്രമല്ല; അത് ഒരു ജീവിതമാറ്റത്തിനുള്ള രാഷ്ട്രീയ പ്രഖ്യാപനമാണ്. കാരണം, അവർ വലയും കപ്പലും ഉപേക്ഷിച്ച് യേശുവിനെ പിന്തുടരുമ്പോൾ, അവർ നിലവിലുള്ള സാമ്പത്തിക ഘടനയോട് ഒരു മൌനപ്രതിഷേധം രേഖപ്പെടുത്തുകയാണ്.

അവർ ‘‘ജീവിക്കാൻ മാത്രം ജീവിക്കുന്ന’’ ഒരു വ്യവസ്ഥയിൽ നിന്ന് “അർത്ഥത്തോടെ ജീവിക്കുന്ന” ഒരു പുതിയ സമൂഹത്തിലേക്ക് കടക്കുകയാണ്. യേശുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധം വളരെ വേഗത്തിൽ ആഴത്തിലാകുന്നത് അതുകൊണ്ടാണ്. യേശു അവരുടെ ഭാഷയിൽ സംസാരിക്കുന്നു, ഉദാഹരണങ്ങൾ കടലിൽ നിന്നാണ്; ഉപമകൾ വലയിൽ നിന്നാണ്; വിശ്വാസം തിരമാലകളിൽ നിന്നാണ്. ഒരു കർഷകനോടോ ഒരു പണ്ഡിതനോടോ സംസാരിക്കുന്ന രീതിയിൽ അല്ല, അവരുടെ ജീവിതത്തിന്റെ നാരുകളിൽ ചേർന്നാണ് അവൻ സംസാരിക്കുന്നത്. അതുകൊണ്ടുതന്നെ അവർക്ക് അവനെ മനസ്സിലാക്കാൻ എളുപ്പമാണ്.

ഈ ബന്ധത്തിൽ ഒരു സാമൂഹിക വിപ്ലവത്തിന്റെ വിത്ത് ഒളിഞ്ഞിരിക്കുന്നു. അന്നത്തെ മതസമൂഹം അധികാരകേന്ദ്രങ്ങളിലായിരുന്നു, ആലയവും ശാസ്ത്രികളും പുരോഹിതരും. എന്നാൽ യേശു ആ കേന്ദ്രങ്ങളിൽ നിന്ന് മാറി, പരിസരങ്ങളിലേക്കാണ് പോകുന്നത്. കടൽത്തീരങ്ങളിലേക്ക്. കായൽക്കരകളിലേക്ക്. തൊഴിലാളികളുടെ ഇടയിലേക്ക്. അവിടെ നിന്നാണ് ഒരു പുതിയ സമൂഹം ആരംഭിക്കുന്നത്. രാഷ്ട്രീയമായി നോക്കുമ്പോൾ, ഇത് ഒരു അപകടകരമായ നീക്കമായിരുന്നു. കാരണം, ചരിത്രം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്. തൊഴിലാളികളുടെ ഇടയിൽ നിന്നുള്ള ചിന്തകളാണ് അധികാരത്തെ വെല്ലുവിളിക്കുന്നത്. ശിഷ്യന്മാർ ഒരു സായുധ വിപ്ലവത്തിന്റെ നേതാക്കൾ ആയിരുന്നില്ലെങ്കിലും, അവർ ഒരു ചിന്തയുടെ വിപ്ലവം വഹിച്ചവരാണ്. “ദൈവരാജ്യം” എന്ന ആശയം, അതിന്റെ ആഴത്തിൽ, നിലവിലുള്ള അധികാര ഘടനകളെ ചോദ്യം ചെയ്യുന്നതായിരുന്നു. രാജാവായ സീസറിനേക്കാൾ മുകളിലുള്ള ഒരു രാജ്യം, അതിന്റെ പൗരന്മാരായി ഈ സാധാരണ തൊഴിലാളികളെ പ്രഖ്യാപിക്കുന്നത്. ഇത് ഒരു രാഷ്ട്രീയ പ്രസ്താവന തന്നെയാണ്.

സാമ്പത്തികമായി, യേശുവിന്റെ സമൂഹം പങ്കുവെക്കലിന്റെ മാതൃകയായിരുന്നു. “അവർക്കുണ്ടായിരുന്നതെല്ലാം അവർ തമ്മിൽ പങ്കിട്ടു” എന്ന പ്രാരംഭ ക്രിസ്ത്യൻ സമൂഹത്തിന്റെ വിവരണം, ശിഷ്യന്മാരുടെ പശ്ചാത്തലത്തിൽ നിന്നാണ് വളർന്നത്. അവർക്ക് സമ്പാദ്യത്തിന്റെ ഗർവ്വമില്ല; അവർക്കുണ്ടായിരുന്നത് പങ്കുവെക്കാനുള്ള മനസാണ്. കടലിൽ നിന്നുള്ള ജീവിതം അവരെ പഠിപ്പിച്ച പാഠം അതായിരുന്നു, ഒരാൾക്ക് മാത്രം വല നിറയില്ല; കൂട്ടായ്മയിലൂടെയാണ് നിലനിൽപ്പ്. മതപരമായി, ഈ ബന്ധം പരമ്പരാഗത അതിരുകൾ തകർത്തു. ശുദ്ധിയും അശുദ്ധിയും, അകത്തും പുറത്തും എന്ന വിഭാഗീകരണങ്ങൾക്കപ്പുറം, യേശു മനുഷ്യനെ കാണാൻ തുടങ്ങി. ശിഷ്യന്മാർക്ക് അതൊരു പുതിയ ദർശനമായിരുന്നു. അവർ ഒരു ഗുരുവിനെ മാത്രമല്ല, ഒരു പുതിയ മനുഷ്യസങ്കൽപ്പത്തെ അനുഭവിക്കുകയായിരുന്നു, ദൈവം ദൂരെയല്ല, അവരുടെ ഇടയിൽ തന്നെയാണെന്ന തിരിച്ചറിവ്.

ഈ ബന്ധത്തിന്റെ സൗന്ദര്യം അതിന്റെ ലാളിത്യത്തിലാണ്. യേശു ഒരു ദൂരസ്ഥ ദൈവമല്ല; കൂട്ടായി നടക്കുന്ന ഒരു സുഹൃത്താണ്.

കടലിൽ കാറ്റ് കൊള്ളുമ്പോൾ പേടിച്ച് നിൽക്കുന്ന ശിഷ്യന്മാരുടെ ഇടയിൽ ഉറങ്ങുന്നവൻ. വിശപ്പുള്ളപ്പോൾ അപ്പം പൊട്ടിക്കുന്നവൻ. സംശയിക്കുമ്പോൾ ക്ഷമയോടെ പഠിപ്പിക്കുന്നവൻ. ഈ അടുപ്പം ഒരു തത്ത്വശാസ്ത്രത്തേക്കാൾ ശക്തമായ അനുഭവമായി മാറുന്നു.

അതുകൊണ്ടുതന്നെ, കടലിലും കായലിലും പണിയെടുക്കുന്ന ആ ഉറച്ച ശരീരങ്ങളും തുറന്ന മനസ്സുകളും, യേശുവിന്റെ സന്ദേശത്തിന്റെ ആദ്യ വാഹകരായി മാറി. അവർ പുസ്തകങ്ങൾ എഴുതിയ പണ്ഡിതന്മാർ ആയിരുന്നില്ല; പക്ഷേ അവർ ജീവിതം കൊണ്ട് സാക്ഷ്യം പറഞ്ഞവരാണ്. അവരുടെ കൈകളിൽ ഇപ്പോഴും വലയുടെ മുറിവുകൾ ഉണ്ടായിരുന്നു; എന്നാൽ അവരുടെ ഹൃദയങ്ങളിൽ ഒരു പുതിയ ലോകത്തിന്റെ സ്വപ്നം തെളിഞ്ഞിരുന്നു. ഇന്നും, ഈ ബന്ധം നമ്മെ ചോദ്യം ചെയ്യുന്നു. നമ്മൾ ഏത് ലോകത്തിന്റെ

ഭാഗമാണ്? സുരക്ഷിതമായ മതകേന്ദ്രങ്ങളിലോ, അതോ അനിശ്ചിതത്വത്തിന്റെ കടൽത്തീരങ്ങളിലോ?


യേശുവിന്റെ വിളി ഇന്നും അതേപോലെയാണ്, സങ്കീർണ്ണതകളില്ലാത്ത, പക്ഷേ ആഴമുള്ള

ഒരു ക്ഷണം: ജീവിതത്തെ പുതിയ രീതിയിൽ കാണാൻ, ബന്ധങ്ങളെ പുതിയ രീതിയിൽ നെയ്യാൻ, ലോകത്തെ പുതിയ രീതിയിൽ പുനർസൃഷ്ടിക്കാൻ.

ഫോട്ടോഗ്രാഫർ കെ.ആർ. സുനിലിന്റെ വെളിച്ചപ്പാടും പോക്കറ്റടിക്കാരും എന്ന അനുഭവക്കുറിപ്പിൽ മുക്കുവരായ മനുഷ്യരെ കുറിച്ച് ചവിട്ടുനാടകവുമായി ബന്ധപ്പെടുത്തി പറയുന്നത്, പോർച്ചുഗീസ് അധിനിവേശകാലമായ പതിനാറ്-പതിനേഴ് നൂറ്റാണ്ടുകളിൽ കൊടുങ്ങല്ലൂർ, കൊച്ചി തുടങ്ങിയ തീരദേശത്ത് രൂപപ്പെട്ട കലാരൂപമാണ് ചവിട്ടുനാടകം. കടലുമായി ബന്ധപ്പെട്ട ജീവിതം നയിക്കുന്ന ലത്തീൻ ക്രൈസ്തവരിലായിരുന്നു ഈ കലാരൂപം പ്രചരിച്ചത്. തദ്ദേശീയ കലാരൂപങ്ങളുടെയും സംയുക്തസ്വാധീനം ചവിട്ടുനാടകത്തിൽ പ്രകടമാണ്. വീരരസപ്രധാനമായ സംഗീതനൃത്തനാടക രീതിയാണ് മറ്റൊരു പ്രത്യേകത. യൂറോപ്പിലെ പുണ്യവാന്മാരുടെയും യുദ്ധവീരന്മാരുടെയും വീരഗാഥകൾ കേരളത്തിന്റെ തീരദേശജീവിതങ്ങളിലെ സാധാരണക്കാരിലെത്താൻ ചവിട്ടുനാടകം പ്രധാനകാരണമായി. കൊടുങ്ങല്ലൂരിനടുത്ത് ചാവക്കാട് മുതൽ കൊല്ലം വരെയുള്ള തീരദേശത്തെ, പോർച്ചുഗീസ് അധിനിവേശ പ്രദേശങ്ങളിലായിരുന്നു ചവിട്ടുനാടകം ഏറെയും പ്രചരിച്ചത്. അതുകൊണ്ടുതന്നെ മുക്കുവന്മാരായിരുന്ന അനേകം ആളുകൾക്ക് ചവിട്ടുനാടകത്തിൽ അഭിനയിക്കാനുള്ള അവസരമുണ്ടായി.

'ഒരിക്കൽ, ചെല്ലാനത്തെ ഒരു വീട്ടുമുറ്റത്തു നടന്ന ചവിട്ടുനാടക റിഹേഴ്സലിന്റെ ചിത്രങ്ങൾ പകർത്തിയശേഷം റോഡരികിലെ ഒഴിഞ്ഞ വെയിറ്റിങ് ഷെഡ്ഡിൽ ഇരിക്കുമ്പോൾ, കൂടെയുണ്ടായിരുന്ന വാച്ചൻ പതിവിലേറെ സംസാരിച്ചു. അരങ്ങേറാൻ പോവുന്ന നാടകത്തിലെ കഥാപാത്രത്തെക്കുറിച്ചാണ് അദ്ദേഹം വാചാലനായത്. കറുത്തു മെലിഞ്ഞ തന്റെ ദേഹത്ത് രാജാവിന്റെയും മറ്റും വേഷമണിയുമ്പോൾ ലഭിക്കുന്ന ആത്മവിശ്വാസത്തെക്കുറിച്ചും കഥാപാത്രമായി മാറുമ്പോഴുള്ള ആനന്ദത്തെക്കുറിച്ചും ഉള്ളുതുറന്നു. അതവർക്ക് ജീവിക്കാനുള്ള പ്രതീക്ഷകൂടിയായിരുന്നു. മുഖ്യധാരാ മലയാളിജീവിതത്തിൽനിന്ന് എത്രമാത്രം അരികുവത്കരിക്കപ്പെട്ടവരാണ് ചവിട്ടുനാടകത്തെ ഇത്രമേൽ ചേർത്തു പിടിക്കുന്നത് എന്നതിന്റെ തെളിവായിരുന്നു വാച്ചൻ. അടച്ചുറപ്പുള്ള വീട്ടിലേക്ക് കുടുംബത്തെ മാറ്റണമെന്നത് അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു.' മുക്കുവന്റെ തുറന്ന ജീവിതമാണ് ഇത്.

പുസ്തകം



മാർഗ്ഗംകളിയും പരിചമുട്ടുകളിയും

പ്രീത് ചന്ദനപ്പള്ളി

കേരളീയ സാംസ്കാരിക വൈവിധ്യത്തിൽ ക്രിസ്ത്യൻ ഫോക് ലോറിനുള്ള സവിശേഷമായ സ്ഥാനത്തെയും നൂറ്റാണ്ടുകളിലൂടെ അവയ്ക്ക് സംഭവിച്ച പരിണാമങ്ങളെയും വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്ന ഗവേഷണ ഗ്രന്ഥം. ഉദയംപേരൂർ സുന്നഹദോസ് എന്ന അധികാരാധിനിവേശം നസ്രാണി സംസ്കാരത്തെയും കലകളെയും എങ്ങനെ മാറ്റിമറിച്ചു എന്ന് ഈ പുസ്തകം അന്വേഷിക്കുന്നു.

മാർഗ്ഗംകളിയും പരിചമുട്ടുകളിയും കേവലം വിനോദരൂപങ്ങളാണോ അതോ പൗരാണികമായ ആയോധനപാരമ്പര്യത്തിന്റെ ശേഷിപ്പുകളോ? വിസ്മൃതിയിലേക്ക് ആഴ്ന്നുപോയ ക്രൈസ്തവ പാട്ടുകൾ ഇട്ടിത്തൊമ്മൻ കത്തനാരെപ്പോലുള്ള വിപ്ലവകാരികളായ വൈദികർ സംരക്ഷിച്ചുനിർത്തിയ കലാരൂപങ്ങളെയും ഈ കൃതി വീണ്ടെടുക്കുന്നു. കേരളീയതയും ക്രൈസ്തവ വിശ്വാസവും ഇഴചേർന്നു നിൽക്കുന്ന കലകളുടെ ആത്മാവ് തേടിയുള്ള ഒരു ചരിത്രസഞ്ചാരം.

അറിവും ആരാധനയും കലയും ഒന്നാകുന്ന ക്രിസ്ത്യൻ ഫോക്‌ലോറിന്റെ ആധികാരികമായ അടയാളപ്പെടുത്തൽ.

പ്രസാധകർ: ആത്മ ബുക്ക്സ്

വൈദിക സംഘം ആഗോള സമ്മേളനം പരുമലയിൽ

പരുമല: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വൈദിക കൂട്ടായ്മയായ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘത്തിന്റെ ആഗോള ത്രിദിന സമ്മേളനം മെയ് 19, 20, 21 തീയതികളിൽ പരുമലയിൽ നടക്കും. സമ്മേളനത്തിന്റെ മുന്നോടിയായുള്ള ലോഗോ പ്രകാശനവും സ്വാഗത സംഘം ഓഫീസിന്റെ ഉദ്ഘാടനവും പരുമലയിൽ നടന്നു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 32 ഭദ്രാസനങ്ങളിൽ നിന്നായി ആയിരത്തിലധികം വൈദികർ ഈ ആഗോള സംഗമത്തിൽ പങ്കുചേരും.

'അപ്പോസ്തോലിക ജ്വാലയുടെ കാവലാൾ - മാറുന്ന ലോകത്തെ പൗരോഹിത്യ സാക്ഷ്യം' എന്നതാണ് ഈ വർഷത്തെ സമ്മേളനത്തിന്റെ മുഖ്യചിന്താവിഷയം. മാറുന്ന കാലഘട്ടത്തിൽ വൈദികർ നേരിടുന്ന വെല്ലുവിളികളും സഭയുടെ അപ്പോസ്തോലിക പാരമ്പര്യം മുറുകെപ്പിടിച്ചുകൊണ്ടുള്ള സാക്ഷ്യവുമാണ് ഈ സമ്മേളനം ചർച്ച ചെയ്യുന്നത്.

സമ്മേളനത്തിന്റെ ഔദ്യോഗിക ലോഗോ പ്രകാശനം വൈദിക സംഘം പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് നിർവ്വഹിച്ചു. ചടങ്ങിൽ വൈദിക സംഘം ജനറൽ സെക്രട്ടറി ഫാ. ഡോ. നൈനാൻ വി. ജോർജ്ജ്, ജോയിന്റ് സെക്രട്ടറി ഫാ. ഡോ. മാത്യു വർഗീസ്, ജനറൽ സെക്രട്ടറിമാരായ ഫാ. ലെസ്ലി പി. ചെറിയാൻ, ഫാ. മിഥുൻ വർഗീസ്, വിവിധ ഭദ്രാസനങ്ങളിൽ നിന്നുള്ള വൈദികസംഘം സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു.

സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിനായി വിപുലമായ സ്വാഗത സംഘം രൂപീകരിക്കുകയും പരുമലയിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വരും ദിവസങ്ങളിൽ കൂടുതൽ ഒരുക്കങ്ങൾ പൂർത്തിയാക്കുമെന്ന് ജനറൽ സെക്രട്ടറി ഫാ. ഡോ. നൈനാൻ വി. ജോർജ് അറിയിച്ചു.

> **"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടുവളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."**
>
> – പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി



കൊച്ചി ഭദ്രാസനത്തിന്റെ 150-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായുള്ള ലോഗോയുടെ പ്രകാശനം കാനായിക്കോട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യാക്കോബ് മാർ ഐറേനിയോസ് നിർവഹിച്ചു.



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും കൊമേഴ്സിൽ പിഎച്ച്.ഡി. നേടിയ അൻസു സൂസൻ ജേക്കബ് (അസി. പ്രൊഫ., സെന്റ് സ്റ്റീഫൻസ് കോളജ്, പത്തനാപുരം). വെണ്ണിക്കുളം അയ്യൻ കോവിൽ എ. എസ് ജേക്കബിന്റെയും അക്കാമ്മ വർഗീസിന്റെയും മകളാണ്. ഭർത്താവ് കൂടൽ കണ്ണങ്കര വീട്ടിൽ ജോൺ തോമസ്. കൂടൽ സെന്റ് മേരീസ് മഹാ ഇടവക അംഗമാണ്.



ഡോ. ജോൺസൻ ജോസഫിന് കൈരളി സേവാരത്ന സംസ്ഥാന പുരസ്കാരം

കോഴിക്കോട്: ഭാരതീയ ദളിത് സാഹിത്യ അക്കാദമി കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച 31-മത് സംസ്ഥാന സമ്മേളത്തിൽ 'കൈരളി സേവാരത്ന സംസ്ഥാന പുരസ്കാരം' ഡോ ജോൺസൻ ജോസഫ് പ്രശസ്ത ചലച്ചിത്ര സംവിധായകനും 'മാക്ട' വൈസ് ചെയർമാനും ആയ പി. കെ. ബാബുരാജിൽ നിന്ന് ഏറ്റുവാങ്ങുന്നു. മികച്ച സാമൂഹിക സാംസ്കാരിക ജീവകാരുണ്യ പ്രവർത്തനത്തിനു വേണ്ടി 37-ാമത് അവാർഡാണ് ഡോ. ജോൺസൻ ജോസഫിന് ലഭിച്ചത്.

പള്ളിപ്പാട് സെന്റ് ജോർജ് ഓർത്തഡോക്ൾസ് കാതോലിക്കേറ്റ് സിംഹാസന പള്ളി മാതൃ ഉടവകയും എറണാകുളം പാലാരിവട്ടം സെൻറ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവക അംഗവുമാണ്.



നഥാനിയേൽ റമ്പാച്ചൻ സപ്തതി നിറവിൽ

മൈലപ്ര: മൈലപ്ര മാത്യൂസ് റമ്പാച്ചന്റെ വാത്സല്യ ശിഷ്യനും മൈലപ്ര ആശ്രമ സുപ്പീരിയറും ആയ നഥാനിയേൽ റമ്പാന്റെ സപ്തതി ആഘോഷിച്ചു. മലങ്കരയുടെ വലിയ മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലീമ്മിസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ്, ഫാ. ജെസ്സൻ, ഫാ. ജോൺ വർഗീസ്, ഫാ. ബിജു മണ്ണാറക്കുളഞ്ഞി, ഫാ. സ്റ്റിനോ സ്റ്റാലിൻ, ഫാ. ജോൺ പീറ്റർ, ഫാ. യൂഹാനോൻ ജോൺ, ഫാ. ക്രിസ് സെബി, ആനി സജി, മോൻസി ശമുവേൽ എന്നിവർ ആശംസകൾ അറിയിച്ചു.

ആത്മീയവും സാമൂഹിക സാംസ്കാരിക മേഖലകളിൽ പ്രവർത്തിച്ച് വികാരിയായിരുന്ന ദേവാലയങ്ങളുടെയും അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണവും നാടിന്റെ ഉയർച്ചയ്ക്കായി പ്ലേസ്കൂൾ മുതൽ ഹയർസെക്കൻഡറി വരെയുള്ള CBSE സ്കൂൾ കൊഴുവല്ലൂരിൽ സഭയ്ക്കായി നിർമ്മിക്കുകയും ചെയ്തു. ഒരു ഇടവക വികാരി എന്നതിലുപരിയായി ഒരു ദേശത്തുപട്ടക്കാരനായി എന്നും ജനഹൃദയങ്ങളിൽ ഇടം നേടി. ഒരു നാടിന്റെ ആചാര്യനായി മാറി സാമൂഹിക വ്യത്യാസം ഒന്നും തന്നെ കൂടാതെ ഓരോ കുടുംബത്തിന്റെയും അംഗമായി ഇന്നും അവരുടെ ഹൃദയങ്ങളിൽ നിലനിൽക്കുന്നു. ആചാര്യ ശുശ്രൂഷയിലെ ആത്മീയ വഴികാട്ടിയായി വിദ്യാർത്ഥികളെ സന്യാസത്തിലേക്കും ദൈവവേലയ്ക്കുമായി സമർപ്പിക്കുവാൻ വഴി തെളിയിച്ചു.

സഭയിലെ ആദ്ധ്യാത്മിക സംഘടനകളുടെയും സാമൂഹിക സംഘടനകളുടെയും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, അട്ടച്ചാക്കൽ സ്കൂൾ മാനേജർ തുടങ്ങി പ്രധാന ചുമതലകൾ നിർവഹിച്ച് നിലവിൽ സഭയുടെ CBSC സ്കൂളുകളുടെ സെക്രട്ടറി, തുമ്പമൺ ഭദ്രാസന S.J.O.F ന്റെ വൈസ് പ്രസിഡന്റ്, കൊഴുവല്ലൂർ CBSC സ്കൂളിന്റെ മാനേജർ, KCC മൈലപ്ര സോണിന്റെ രക്ഷാധികാരി, മൈലപ്ര ആശ്രമ സുപ്പീരിയർ എന്നീ ചുമതലകളിൽ സ്തുത്യർഹമായ സേവനം ചെയ്തു വരുന്നു.

ജനങ്ങളുടെ വളർച്ചയ്ക്കായി വീടുകളും സാമ്പത്തിക വിദ്യാഭ്യാസ വിവാഹ ചികിത്സ സഹായങ്ങളും സാമൂഹിക പ്രവർത്തനങ്ങളിലൂടെയും അനേകം സഹായകാരുണ്യ പ്രവർത്തികൾ ചെയ്തു വരുന്നു.

ദൈവ കൃപയാൽ ആചാര്യത്വ ശുശ്രൂഷയിൽ 35 വർഷവും സന്യാസനിഷ്ഠയിൽ 50 വർഷവും അനുഗ്രഹീതമായ ജീവിത നാൾവഴിയിൽ 70 വർഷം പൂർത്തീകരിച്ച് സപ്തതി നിറവിലാണ് നഥാനിയേൽ റമ്പാൻ.

"വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കുട്ടിൽ തബലൈത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടിഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്ന വിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തുകൊണ്ട് നിർവ്വഹിക്കണം. നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തിന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്."

– ഡാറയിലെ യോഹന്നാൻ